# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വളാഞ്ചേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA MPM25/1721/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/08/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വളാഞ്ചേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

3) റീജിയണൽ ഡയറക്ടർ, നഗരകാര്യ വിഭാഗം, കോഴിക്കോട്. (ഉപരിപത്രം സഹിതം)

**4) കാര്യാലയ പകർപ്പ്.**

നമ്പർ: KSA MPM25/1721/22 തീയ്യതി: 02/08/2022

## മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 04-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീഷ് മാവേലി പുത്തൻ വീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 23-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-07-2022 | 23-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റിഷിൽ പി, ഓഡിറ്റ് ഓഫീസർ

ശ്രീ. സന്തോഷ് പി ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. യൂസഫ് പി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈശി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.വിനീത പി പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. റുഫീന സി കെ | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. ശ്രുതി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീ. മൃദുൽ വിനോദ് പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.അയൂബ് | ഹെഡ്മാസ്റ്റർ | 01-04-2019 | 06-06-2019 |
| ശ്രീ.സജി ജേക്കബ് | ഹെഡ്മാസ്റ്റർ | 07-06-2019 | 31-03-2020 |
| ശ്രീ. അബ്ദുൾ അസീസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. ബെന്നി മാത്യൂ | പ്രോജക്ട് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.വിനോജ് ടി ജെ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീമതി. പ്രിയ കെ എസ് | മുനിസിപ്പൽ എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ശ്രീമതി. ഗിരിജ പിള്ളക്കാട്ട് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 13-01-2020 |
| ശ്രീമതി. ശാന്തകുമാരി ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14-01-2020 | 31-03-2020 |
| ഡോ.ഫാത്തിമ ഫെമിന | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ. സുനിൽകുമാർ എസ് | സെക്രട്ടറി(അഡീഷണൽ ചാർജ്) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 30-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Vineetha P P (Auditor, On 20-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Vineetha P P (Auditor, On 20-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 30-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 30-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് (AUEGS)<br>Written By: Santhosh.P.T (Asst. Audit Officer, On 15-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 30-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ്<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Vineetha P P (Auditor, On 20-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 30-07-2022) | 1-10 |
| 11 | വാർഷിക കണക്ക് അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-11 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 25-07-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 25-07-2022) | 1-11-1 |
| 13 | എസ്.എസ്.എ. വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 30-07-2022) | 1-12 |
| 14 | നഗരസഭയിലെ അംഗീകൃത കോൺട്രാക്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Vineetha P P (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-13 |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Vineetha P P (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-14 |
| 16 | അധിക നിർമ്മാണത്തിനനുസൃതമായി നികുതി ഈടാക്കിയില്ല.<br>Written By: Vineetha P P (Auditor, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 30-07-2022) | 1-15 |

| | | |
|---|---|---|
| 17 | ലേല നടപടി ക്രമങ്ങൾ-അപാകത<br>Written By: Vineetha P P (Auditor, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 30-07-2022) | 1-16 |
| 18 | രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-17 |
| 19 | പിഎംഎവൈ ഭവന പദ്ധതി - സബ്സിഡി അധികം നൽകി<br>Written By: Yousuf.P (Asst. Audit Officer, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-18 |
| 20 | പി.എം.എ.വൈ ഭവന പദ്ധതി-അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-19 |
| 21 | മുൻകൂർ തുക നൽകി-പ്രിന്റർ ലഭ്യമായില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 19-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-20 |
| 22 | മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ അപാകതകൾ<br>Written By: Santhosh.P.T (Asst. Audit Officer, On 19-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 30-07-2022) | 1-21 |
| 23 | ജി.എസ്.ടി.-TDS ഈടാക്കിയില്ല.<br>Written By: Yousuf.P (Asst. Audit Officer, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-22 |
| 24 | നെൽകൃഷിക്ക് കൂലിച്ചെലവ് -പ്രൊജക്ട് നടത്തിപ്പിൽ അപാകതകൾ<br>Written By: Santhosh.P.T (Asst. Audit Officer, On 21-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 01-08-2022) | 1-23 |
| 25 | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി-സൈറ്റ് ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 21-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-24 |
| 26 | അയ്യങ്കാളി നഗര തൊഴിലുറപ്പ പദ്ധതി-കിണർ റീചാർജ് പ്രവൃത്തികളുടെ സാധ്യത പരിശോധിക്കണം<br>Written By: Santhosh.P.T (Asst. Audit Officer, On 21-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-25 |
| 27 | നഗരസഭയിലെ വിവിധ സ്ഥലങ്ങളിലെ ഹൈ മാസ്റ്റ് ലൈറ്റുകളുടെ റിപ്പയറിംഗ് -പദ്ധതി അപാകതകൾ-161183 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 01-08-2022) | 1-26 |
| 28 | തെരുവ് വിളക്ക് പ്രവൃത്തികൾ - പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 13452 രൂപ<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-27 |
| 29 | PHC നവീകരണം – എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത കാരണം അനാവശ്യ ചെലവ് ഉണ്ടായി<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-28 |
| 30 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ കുറവായി ഈടാക്കി – നഷ്ടം 19295 രൂപ<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-29 |
| 31 | കുഴൽകിണർ നിർമ്മാണം - തുടർ വിവരങ്ങൾ ലഭ്യമല്ല<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Rishil.P (Audit Officer, On 25-07-2022) | 1-30 |
| 32 | മരാമത്ത് പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ച തുക ഓഡിറ്റ് | 1-31 |

| | | |
|---|---|---|
| | അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | |
| 33 | ഇ. ടെണ്ടർ - ടെണ്ടർ ഫീ നഗരസഭ ഫണ്ടിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-32 |
| 34 | മരാമത്ത് പ്രവൃത്തി- പൊതു അവലോകനം<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-33 |
| 35 | പദ്ധതി രൂപീകരണം-നിർവഹണം-പൂർത്തീകരണം - മാർഗരേഖ പാലിക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-34 |
| 36 | തെരുവ് വിളക്ക് പ്രവൃത്തികൾ- ജില്ലാതല ഇലക്ട്രിക്കൽ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-35 |
| 37 | റോഡ് കണക്ടിവിറ്റി മാപ്പ്- പ്ലാൻ, മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-36 |
| 38 | കുടിവെള്ളം വിതരണം-അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പിഎംഎവൈ ഭവന പദ്ധതി - സബ്സിഡി അധികം നൽകി<br>Written By: Yousuf.P (Asst. Audit Officer, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Vineetha P P (Auditor, On 15-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Vineetha P P (Auditor, On 15-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Vineetha P P (Auditor, On 15-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്.<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Vineetha P P (Auditor, On 21-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Vineetha P P (Auditor, On 22-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Vineetha P P (Auditor, On 15-07-2022) | 4-7 |

| | | |
|---|---|---|
| | Last Updated By: Vineetha P P (Auditor, On 15-07-2022) | |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Vineetha P P (Auditor, On 16-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Vineetha P P (Auditor, On 15-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 27.02.2019 (1) | 26.03.2020 (1) |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31-07-2020 | 30-07-2020 |

## 1-3 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 50663181 |
| വരവ് | 135737904 |
| ആകെ | 186401085 |
| ചെലവ് | 108205312 |
| നീക്കിയിരിപ്പ് | 78195773 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 9510332 | 9510332 | 9510332 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 14379000 | 14379000 | 5225149 | 9153851 |
| വികസന ഫണ്ട് (ടി.എസ് .പി) | | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11733000 | 11733000 | 3349484 | 8383516 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4337000 | 4337000 | 3619961 | 717039 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 9118000 | 9118000 | 2858154 | 6259846 |
| ബി ഫണ്ട് | 0 | 23416700 | 23416700 | 23416700 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 289 | 152283590 | 158 | 38010267 | 0 | 131 | 54.6% |

## 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1683253 | 241024 | 1924277 | 1739989 | 184288 |
| ഗുണഭോക്താക്കൾക്ക് നൽകുന്നത് | | 5000000 | 5000000 | 5000000 | |
| | 1683253 | 5241024 | 6924277 | 6739989 | 184288 |

ഗുണഭോക്താക്കൾക്ക് തുക നേരിട്ട് അനുവദിക്കുന്നില്ല. വരവ് 50 ലക്ഷം രൂപയാണ്. മുൻ വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയിൽ തിരികെ വന്ന തുക 2,41,024/- രൂപ 'Other Creditors' എന്ന ഹെഡിൽ ബുക്ക് ചെയ്യുന്നതിന് പകരം അയ്യങ്കാളി തൊഴിലുറപ്പ് റസീപ്റ്റ് ഹെഡിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. ആയതിനാൽ വാർഷിക കണക്കുകളിൽ 52,41,024/- (50,00,000 + 2,41,024) രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട പലിശ വരവും (89,974/- രൂപ), തനത് ഫണ്ടിൽ നിന്നും ഭരണചെലവുകൾക്കായി നൽകിയ 3,91,214/- രൂപയും ഈ ഹെഡിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. (വാർഷിക കണക്കിന്റെ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്).

അയ്യങ്കാളി തൊഴിലുറപ്പ് ക്യാഷ് ബുക്കിൽ (ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ) താഴെ പറയും പ്രകാരമാണ് യഥാർത്ഥ വരവ്-ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ളത്.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഭരണ ചെലവുകൾ | 1456306 | 5000000 | 474166 | |
| ബാങ്ക് പലിശ | | 89974 | | |
| മറ്റുള്ളവ | | | 28540 | |
| നഗരസഭാ തനതു ഫണ്ടിൽ നിന്നും ലഭിച്ചത്. | | 391214 | | |
| ഗുണഭോക്താക്കൾക്ക് നൽകുന്നത് | | | 6286070 | |
| ആകെ | | 6937494 | 6788776 | 184288 |

## 1-7 ക്ഷേമപദ്ധതികൾ

2019-20 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10800 | 13 |
| കർഷകതൊഴിലാളി വേതനം | 766000 | 108 |
| വിധവാ പെൻഷൻ | 7543900 | 1362 |
| വാർദ്ധക്യകാല പെൻഷൻ | 12159100 | 2673 |
| വികലാംഗ പെൻഷൻ | 2300500 | 417 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 244400 | 45 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-07-2022 ന് 12.30 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 51929/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

വളാഞ്ചേരി നഗരസഭയുടെ ആഭ്യന്തരനിയന്ത്രണസംവിധാനം പരിശോധിച്ചതിൽ പല മേഖലയിലും പോരായ്മകൾ

നിലനില്ക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.

1.നഗരസഭയിൽ എഴുതി സൂക്ഷിക്കേണ്ട മുൻകൂർ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നില്ല. വാർഷികസംഗ്രഹം തയ്യാറാക്കാത്തതുകാരണം വസ്തുനികുതി, തൊഴിൽനികുതി, വാടക, ബസ്റ്റാന്റ് ഫീസ് , കംഫർട്ട് സ്റ്റേഷൻ, എന്നിവയുടെ യഥാർത്ഥ ഡിമാന്റുകളാണോ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമല്ല. തപാലുകളുടെ വരവും തീർപ്പാക്കലും പരിശോധിക്കാനാവശ്യമായ സംവിധാനം നഗരസഭയിൽ ഇല്ല. വിദഗ്ധസമിതികളായ വർക്കിംങ് ഗ്രൂപ്പുകൾ ക്രിയാത്മകമായ ചർച്ചകൾ നടത്തുകയോ ബന്ധപ്പെട്ട സ്റ്റാന്റിംങ് കമ്മിറ്റികൾ യഥാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതായോ മിനുട്സ് ബുക്ക് പരിശോധനയിൽ വ്യക്തമല്ല.

2.തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് ധാരാളം പ്രോജക്ടുകൾ തൻവർഷം ചെയ്തിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നിവ കാണിക്കുന്ന തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3)കേരള ഫിനാൻഷ്യൽ കോഡ് വാല്യം। 120 മുതൽ 162വരെയുള്ള ആർട്ടിക്കിളുകൾ സ്റ്റോർസുമായി ബന്ധപ്പെട്ടവയാണ്.ആർട്ടിക്കൾ 150 പ്രകാരം I)അസംസ്കൃത വസ്തുകൾക്കും ,വിലകുറഞ്ഞ സ്റ്റോറുകൾക്കും Ii)ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും Iii)പുസ്തകങ്ങൾ,ഫോറങ്ങൾ ,സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല.

ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ,ആയതും പാലിക്കപ്പെടുന്നില്ല.

4)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം തന്നെ രണ്ടു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിന് മാത്രമാണ്. തൻവർഷത്തെ പ്രോജക്ടുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

5)ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് സെക്രട്ടറി,ഹെഡ്മാസ്റ്റർ, പ്രോജക്ട് ഓഫീസർ,ICDS സൂപ്പർവൈസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ പാലിച്ചിട്ടില്ല.

6)തെരുവ് വിളക്കുകളുടെ എണ്ണം,ഇനം, മുതലായവ സംബന്ധിച്ച് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല(ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011).വൈദ്യുതി ചാർജ് ഇനത്തിൽ നല്ലൊരു തുക നഗരസഭ മാസംതോറും അടവാക്കുന്നുണ്ടെങ്കിലും നഗരസഭയിൽ പ്രവർത്തിയ്ക്കുന്ന തെരുവ് വിളക്കുകളെ സംബന്ധിച്ചും ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളെ സംബന്ധിച്ചും കൃത്യമായ വിവരം നഗരസഭയിൽ ഇല്ല. തൻവർഷവും പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.ആയവ സംബന്ധിച്ചും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

7.അസി.എഞ്ചിനീയറുടെ ഓഫീസിൽ അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

8. തൻവർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഓരോ മേഖലയിലുള്ള കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അഭാവത്തിൽ ഇത്തരം പദ്ധതികൾ നഗരസഭ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

9. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിച്ചിട്ടില്ല.

10. വിവിധ ഓഡിറ്റുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ, ഫയൽ എന്നിവ പരിപാലിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നിലവിൽ ഇല്ല | | |
| എ ജി ഓഡിറ്റ് | 07.04.2021 | 2017-18 മുതൽ 2020-21 വരെ | 13.08.2021 |

## 1-11 വാർഷിക കണക്ക് അപാകതകൾ

1. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.PMAY (ICICI BANK)അക്കൗണ്ടിൽ RP-40(b) ഷെഡ്യൂൾ പ്രകാരം 10923735 രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ പാസ്സ് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ്, റികൺസിലിയേഷൻ പത്രിക എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. തൊഴിൽ നികുതി (എംപ്ലോയീസ് & ട്രേഡേഴ്സ്), ഡി & ഒ ലൈസൻസ് ഫീ, വാടക, ബിൽഡിംഗ് പെർമിറ്റ്/റഗുലറൈസേഷൻ, License Fee For Domestic Animals / Dogs, Private Hospital & Paramedical Institutions Registration Fee, ബസ് സ്റ്റാന്റ് ഫീ, മാർക്കറ്റ് ഫീസ്, എന്നീ വരവ് ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. License Fee Under P.P.R Act, ജനന മരണം, വിവാഹ രജിസ്ട്രേഷൻ മുതലായവയുടെ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5. ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് |
| സഞ്ചയ ഡി.സി.ബി | 1,28,15,308 | 1,51,75,102 | 60,57,263 | 1,07,73,718+*4,93,059= 1,12,66,777 | 68,02,676 | 39,63,357 |
| വാർഷിക കണക്ക് | 35,19,323 | 1,50,00,000 | 62,59,736 | 1,13,17,924+*4,93,059=1,18,10,983 | 6,80,722 | 38,59,782 |
| * ബുക്ക് അഡ്ജസ്റ്റ്മെന്റ് തുക | | | | | | |

വാർഷിക കണക്കിലെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് വിവരവും സഞ്ചയ ഡി.സി.ബി യിലെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് വിവരവും അതത് സ്റ്റേറ്റ്മെന്റുകളിൽ തന്നെ പരസ്പരം പൊരുത്തപ്പെടുന്നില്ല. അരിയർ ഡിമാന്റിൽ സഞ്ചയ ഡി.സി.ബിയും വാർഷിക കണക്കും തമ്മിൽ 92,95,985 രൂപയുടെയും അരിയർ ബാലൻസിൽ 61,21,954രൂപയുടെയും ഗണ്യമായ വ്യത്യാസമുണ്ട്.

ലൈബ്രറി സെസ്സ് ഇനത്തിലും വ്യത്യാസം നിലനിൽക്കുന്നു.

6. വിനോദ നികുതി വരവ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഈ ഇനത്തിൽ തൻവർഷ വരവ് തുക 7,02,889 രൂപ (RP-1)

7. B-7ഷെഡ്യൂൾ പ്രകാരം 26,72,228 ഡെപ്പോസിറ്റ് ബാധ്യതയുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. Non Refundable Deposit കൾ നിയമപരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടുമില്ല.

8. RP-27 ഷെഡ്യൂളിൽ വരവ് ഭാഗത്ത് Auction Deposit 200800 രൂപ Minus Figure ആയി നൽകിയിരിക്കുന്നു.

9. Loan From HUDCO (330500202) ഇനത്തിൽ RP-25പ്രകാരം 3,10,00,000രൂപ വരവും ബാലൻസ് ഷീറ്റ് B-5 പ്രകാരം 3,69,73,332 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നുമുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

10. B-14 പ്രകാരം 458012 രൂപയുടെ സ്റ്റോക്ക് ബാലൻസുണ്ട്. എന്നാൽ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി തൻവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

11. RP-41പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത് 1,87,000 രൂപയും ക്രമീകരിച്ചത് 3000രൂപയുമാണ്.അഡ്വാൻസ് രജിസ്റ്റർ പ്രകാരം നൽകിയതും ക്രമീകരിച്ചതും 1,65,000 രൂപയാണ്.

വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ മറ്റ് അഡ്വാൻസുകൾ ഹെഡ് വൈസായി രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ അവയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

12. RP-41പ്രകാരം മിസലേനിയസ് അഡ്വാൻസ് ആയി 18912 രൂപ നൽകിയത് Minus Figure ആയി രേഖപ്പെടുത്തിയിരിക്കുന്നു.

13. B-18 പ്രകാരം 65,10,622 രൂപയുടെ മുൻകൂർ ക്രമീകരിക്കാനുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

14. B-8 പ്രകാരം Deposit Work -Others എന്ന ഹെഡിൽ 4,00,000 രൂപ Minus Figure ആയി രേഖപ്പെടുത്തിയിരിക്കുന്നു.

15. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി- മുൻ വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയിൽ തിരികെ വന്ന തുക 2,41,024/- രൂപ 'Other Creditors' എന്ന ഹെഡിൽ ബുക്ക് ചെയ്യുന്നതിന് പകരം അയ്യങ്കാളി തൊഴിലുറപ്പ് റസീപ്റ്റ് ഹെഡിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. ആയതിനാൽ വാർഷിക കണക്കുകളിൽ 52,41,024/- (50,00,000 + 2,41,024) രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട പലിശ വരവും (89,974/- രൂപ), തനത് ഫണ്ടിൽ നിന്നും ഭരണചെലവുകൾക്കായി നൽകിയ 3,91,214/- രൂപയും ഈ ഹെഡിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

16. RP-22പ്രകാരം 52,41,024 രൂപ തൊഴിലുറപ്പ് പദ്ധതിക്കായി വരവുണ്ട്.പ്രസ്തുത പദ്ധതിയുടെ റവന്യൂ ഗ്രാന്റ് ചെലവ് വിവരം ഇംകം ആന്റ് എക്സ്പെൻഡീച്ചർ പത്രികയിൽ ഉൾപ്പടുത്തിയിട്ടില്ല.

17. വാർഷിക കണക്കിലെ I-17(a), B-11 ഷെഡ്യൂളുകൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ്, മേൽ നടപടി ക്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

18. മുനിസിപ്പാലിറ്റിയുടെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

താഴെ കൊടുത്ത ഫണ്ടുകളിലെ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി (എ.സി.ആർ) പൊരുത്തപ്പടുന്നില്ല.

| ഫണ്ട് ഇനം | ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (എ.സി.ആർ) പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,35,37,000 | 95,10,332 |

## 1-12 എസ്.എസ്.എ. വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ

നം : S001/2020

അടങ്കൽ - 25,00,000 (വികസന ഫണ്ട് )

ബിൽ നം. 06/15-05-2019 : 25,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 25,00,000 രൂപ എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർ, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 17/2018/തസ്വഭവ തി. 02-02-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 11/19-20/16-07-2022 പ്രകാരം ആവശ്യപ്പെട്ടെങ്കിലും 25,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, നഗരസഭാ പരിധിയിൽപ്പെട്ട ഓരോ സ്കൂളുകളിലും എന്തെല്ലാം ചെലവാണ് പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയത് എന്നതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 25,00,000 രൂപ തടസ്സം ചെയ്യുന്നു.

## 1-13 നഗരസഭയിലെ അംഗീകൃത കോൺട്രാകടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 കേരള മുനിസിപ്പൽ ആക്ട് , വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (10) എന്നിവപ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1,250/- രൂപ വീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ് . 2019-20 സാമ്പത്തിക വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ പദ്ധതികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

| കോൺട്രാകടേഴ്സിന്റെ പേര് | മേൽവിലാസം |
|---|---|
| കെ ഷറഫുദ്ദീൻ | PWD കോൺട്രാക്ടർ, എടയൂർ |

| | |
|---|---|
| ടി കെ അബ്ദുൾ ഖാദർ | PWD കോൺട്രാക്റ്റർ, വളാഞ്ചേരി |
| കെ. സദാനന്ദൻ | PWD കോൺട്രാക്റ്റർ, തൊഴുവാനൂർ |
| ടി.കെ. മൊയ്തീൻകുട്ടി | PWD കോൺട്രാക്റ്റർ, തൊഴുവാനൂർ |
| കെ. അബ്ദുൾ മജീദ് | PWD കോൺട്രാക്റ്റർ, തൊഴുവാനൂർ |
| ടി. ഷഹരിയാദ് | PWD കോൺട്രാക്റ്റർ, വളാഞ്ചേരി |
| കെ. മസൂദ് | PWD കോൺട്രാക്റ്റർ, വളാഞ്ചേരി |
| പി. ഫൈസൽ | PWD കോൺട്രാക്റ്റർ, വളാഞ്ചേരി |
| ടി.ഹസ്സൻ കോയ | PWD കോൺട്രാക്റ്റർ, ആതവനാട് |
| ഹാഷീഖ് റഹ്മാൻ | PWD കോൺട്രാക്റ്റർ, കാട്ടിപ്പരുത്തി |
| സി.പി. മാധവൻ | PWD കോൺട്രാക്റ്റർ, കുറുമ്പത്തൂർ |
| പി. ഷംസുദ്ദീൻ | സെക്രട്ടറി, PLCCSഎടരിക്കോട് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 4./2019-20/14.07.2022 ന് മറുപടി ലഭ്യമാക്കിയില്ല. ഈ കരാറുകാർ മറ്റ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-14 തൊഴിൽ നികുതി ഈടാക്കിയില്ല

2005 – ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 4(1) പ്രകാരം ഏതെങ്കിലും ഓഫീസിലോ, കമ്പനിയിലോ, ഫേമിലോ, സംരംഭത്തിലോ, സ്ഥാപനത്തിലോ, ശമ്പളത്തിനോ, വേതനത്തിനോ, നിയമിക്കപ്പെടുകയോ, അതിൽ തൊഴിലെടുക്കുകയോ, ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന വ്യക്തികളിൽ നിന്നും ചട്ടം 3 (1) ൽ പറയുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും, സ്ഥാപനത്തിന്റേയും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷികം |
|---|---|
| Popular Paradise | I, II |
| Popular Movies | I, II |
| Mahathma College | I |
| Crown Hotel | I, II |
| Volga Hotel | I, II |
| Brother Hotel | I, II |
| Variety Furniture | I, II |
| Vismaya Home Appliances | I, II |
| Hotel Albaik | I, II |
| Sanha Silks | I, II |
| Ganga Motors | I, II |
| Arma Medicity Lab | I |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 1/2019-20/12.07.2022 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-15 അധിക നിർമ്മാണത്തിനനുസൃതമായി നികുതി ഈടാക്കിയില്ല.

നഗരസഭയിൽ 23 -ാം വാർഡിൽ മുഹമ്മദ് അലി , വാക്കയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 77 $M^2$ വിസ്തീർണമുള്ള (കെട്ടിട നമ്പർ 23/281) പാർപ്പിട കെട്ടിടത്തിനോട് ചേർന്ന് 36.77 $M^2$ അധികമായി നിർമ്മാണം നടത്തിയതിനാൽ റെഗുലറൈസ് ചെയ്യാൻ അപേക്ഷ സമർപ്പിച്ചിരുന്നു. 10.03.2020 ന് റെഗുലറൈസേഷൻ ഫീ അടയ്ക്കുകയും, ആയത് റഗുലറൈസ് ചെയ്ത് നൽകിയിട്ടുമുണ്ട്. എന്നാൽ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നാളിതു വരെ ടി കെട്ടിടത്തിന്റെ പുതുക്കിയ വിസ്തീർണം ഉൾപ്പെടുത്തി (77 $M^2$+36.77 $M^2$) വസ്തു നികുതി റീ അസസ് ചെയ്തതായി കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 23/ 2019-20/ 20.07.2022 ന് മറുപടി ലഭ്യമാക്കിയില്ല. പുതുക്കിയ വിസ്തീർണം ഉൾപ്പെടുത്തി (113.77 $M^2$) വസ്തു നികുതി റീ അസസ് ചെയ്ത് നികുതി ഡിമാന്റ് ചെയ്ത് സഞ്ചയ സ്റ്റേറ്റ്മെന്റ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ലേല നടപടി ക്രമങ്ങൾ-അപാകത

2019-20 സാമ്പത്തിക വർഷത്തെ ലേല രജിസ്റ്ററും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു .

| ഇനം | പങ്കെടുത്ത ആളുകളുടെ എണ്ണം | ലേല തുക/ തിയ്യതി | റിമാർക്ക്സ് |
|---|---|---|---|
| ആധുനിക അറവുശാല | 14 | 64000, 19.03.2019 | 1. ലേല ഡയറിയിൽ ലേലംകൊണ്ട ശ്രീ. അബ്ദുൾ സലാം എന്ന വ്യക്തി ലേലം വിളിച്ച തുക മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | 2. ലേല ഡയറി മുനിസിപ്പൽ കൗൺസിലിൽ ഹാജരാക്കിയ തീയതിയും, തീരുമാന നമ്പറും, ലേലം അംഗീകരിച്ച/ പുനർലേലം എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.<br>3. ലേല ഡയറി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| PHC കോമ്പൌണ്ടിലെ ഫലവൃക്ഷങ്ങളുടെ മേലാദായം | 3 | 1900<br>25.02.2019 | 1. ലേലഡയറിയിൽ ലേലംകൊണ്ട ശ്രീ. എം.എ.ബക്കർ എന്ന വ്യക്തി ലേലം വിളിച്ച തുക മാത്രം രേഖപ്പെടുത്തിയിരിക്കുന്നു.<br>2. ലേല ഡയറി മുനിസിപ്പൽ കൗൺസിലിൽ ഹാജരാക്കിയ തീയതിയും, തീരുമാന നമ്പറും, ലേലം അംഗീകരിച്ച/ പുനർലേലം എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.<br>3. ലേല ഡയറി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| പഴയ പാത്രങ്ങളും മാസികകളും | 5 | 6.75/Kg<br>25.02.2019 | 1. ലേലഡയറിയിൽ ലേലംകൊണ്ട ശ്രീ. എം.എ.ബക്കർ എന്ന വ്യക്തി ലേലം വിളിച്ച തുക മാത്രം രേഖപ്പെടുത്തിയിരിക്കുന്നു.<br>2. ലേല ഡയറി മുനിസിപ്പൽ കൗൺസിലിൽ ഹാജരാക്കിയ തീയതിയും, തീരുമാന നമ്പറും, ലേലം അംഗീകരിച്ച/ പുനർലേലം എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.<br>3. ലേല ഡയറി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

ലേല ഡയറിയിൽ ലേലം കൊണ്ടയാൾ ഒഴികെ മറ്റുള്ളവരുടെ ലേലം വിളിച്ച തുകകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ എന്തടിസ്ഥാനത്തിലാണ് ടി വ്യക്തികൾക്ക് ലേലം ഉറപ്പിച്ച നൽകിയതെന്ന് വ്യക്തമല്ല.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് (നമ്പർ 22 / 2019-20 Dtd 19.07.22) ന് മറുപടി ലഭ്യമാക്കിയില്ല. ലേല രജിസ്റ്ററും,ലേല ഡയറിയും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതും മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-17 രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

2019-20 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന തുകകൾ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ താഴെക്കൊടുത്ത രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 55/27-04-2019 | മൈലാടി അംഗനവാടി റോഡ് ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കുന്നതിന് | 16,184 | കെ.എസ്.ഇ.ബി, ഇലക്ട്രിക് സെക്ഷൻ, വളാഞ്ചേരിയിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം |
| 2 | 344/14-08-2019 | മാരങ്കുന്ന് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1,00,000 | KWA,എടപ്പാളിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം |
| 3 | 662/31-12-2019 | കോഴിക്കോട്ടപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1,00,000 | |
| 4 | 804/13-02-2020 | നിരപ്പ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 50,000 | |
| 5 | 805/13-02-2020 | കോത്തോൾ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1,50,000 | |
| 8 | 647/18-12-2019 | ശ്രീ. നസീബ് ജലീൽ, സീനി.ക്ലർക്കിന്റെ ഫെസ്റ്റിവൽ അഡ്വാൻസ് | 3000 | കൊയിലാണ്ടി നഗരസഭയിൽ നിന്നുള്ള രശീതി |
| | | ആകെ | 4,19,184 | |

ഓഡിറ്റ് എൻക്വയറി നം. 16/19-20/16-07-2022ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 419184/- രൂപ തടസ്സം ചെയ്യുന്നു.

## 1-18 പിഎംഎവൈ ഭവന പദ്ധതി - സബ്സിഡി അധികം നൽകി

നിർവ്വഹണം : പ്രൊജക്ട് ഓഫീസർ

പിഎംഎവൈ ഭവന പദ്ധതി, പി എംഎവൈ -ലൈഫ് മിഷൻ എന്ന പേരിൽ നടപ്പിലാക്കുന്നതിനു 02/07/2018ലെ സ.ഉ (ആർ.ടി) 1804/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. 14.02.2018 ലെ സ.ഉ.(കൈ)22/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭവന പദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി സബ്സിഡി തുക നാല് ലക്ഷം രൂപയാണ്. എന്നാൽ താഴെ കൊടുത്ത രണ്ട് ഗുണഭോക്താക്കൾക്ക് അഞ്ചു ലക്ഷം, നാല് ലക്ഷത്തി അയ്യായിരം എന്നിങ്ങനെ തുക അനുവദിച്ചു നൽകിയതായി കാണുന്നു.

| പേര്,വിലാസം | നൽകിയ തുകയുടെ | റിമാർക്സ് |
|---|---|---|

| | വിവരം | | |
|---|---|---|---|
| | ബൽ നം/ തി. | തുക | |
| ID 205-ശ്രീമതി.ഷീല, C/o ദാമോദരൻ, പാറപ്പുറത്ത്, കാട്ടിപ്പരുത്തി | 121/23.7.18 | 25,000 | ബാങ്ക് അക്കൗണ്ട്: 0130100016801/ ധനലക്ഷ്മി ബാങ്ക് ------- അധികം നൽകിയത് 1,00,0 00 |
| | 127/8.10.18 | 1,00,000 | |
| | 1051/26.11.18 | 1,00,000 | |
| | 1055/29.1.19 | 1,00,000 | |
| | 139/29.6.19 | 1,75,000 | |
| | ആകെ | 5,00,000 | |
| ID 102 , ശ്രീ മുഹമ്മദ് ഷാഫിKP, C/oഅബൂബക്കർ , കടവത്ത് പറമ്പിൽ, കൊളമംഗലം. | 111/31.3.18 | 30,000 | IOBA0002298/ 229801000004506 ------- അധികം നൽകിയത്: 5,000 |
| | 110/11.7.18 | 1,00,000 | |
| | 124/ 17.9.18 | 1,00,000 | |
| | 137/ 25.5.19 | 1,75,000 | |
| | ആകെ | 4,05,000 | |
| ആകെ അധികം നൽകിയ തുക | | | 1,05,000 |

രണ്ട് ഗുണഭോക്താക്കൾക്കുമായി ഒരു ലക്ഷത്തി അയ്യായിരം രൂപ അധികം നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതും പ്രസ്തുത അധികത്തുക തിരിച്ചുപിടിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതുമാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 24 /22.07.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 1,05,000 രൂപ ഉത്തരവാദിയായ നിർവ്വഹണദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദ വിവരത്തിന് ഭാഗം 3 കാണുക.

## 1-19 പി.എം.എ.വൈ ഭവന പദ്ധതി-അപാകതകൾ

പി.എം.എ.വൈ ഭവന പദ്ധതി- അപൂർണ്ണമായി വിവരം ചേർത്ത രജിസ്റ്ററിൽ ഗുണഭോക്തൃ വിഹിതം തിരികെ നൽകിയതായും തൻമൂലം അധികം തുക നൽകിയതായും കാണുന്നു. വിശദ വിവരം പട്ടികയിൽ നൽകുന്നു.
നിർവ്വഹണം: പ്രൊജക്റ്റ് ഓഫീസർ

| ക്ര.നം. | പേര്,വിലാസം | നൽകിയ തുകയുടെ വിവരം | | റിമാർക്സ് |
|---|---|---|---|---|
| | | ബൽ നം/ തി. | തുക | |
| 1 | ID10-ശ്രീ.അമാനത്ത് അലി, C/o ഇജാസ് അലി, ചാട്ടുമുക്കിൽ, താണിയപ്പൻ കുന്ന്, | ലഭ്യമല്ല | 30,000 | ബാങ്ക് അക്കൗണ്ട്: CNRB0000859/ 0859101058864 --------- 5,000 (ഗുണഭോക്തൃ വിഹിതം) |
| | | 1051/26.11.18 | 1,00,000 | |
| | | 156/26.02.20 | 1,25,000 | |
| | | ലഭ്യമല്ല | 1,50,000 | |
| | | ആകെ | 4,05,000 | |
| 2 | ID33-ശ്രീ.ബഷീർ C/o മുഹമ്മദ് പറമ്പാടൻ, കിഴക്കേക്കര | ആദ്യ ഗഡു നൽകിയ വിവരം രേഖപ്പെടുത്തിയിട്ടില്ല | | KLGB004254/ 40254101039179 ---------- (ഗുണഭോക്തൃ വിഹിതം) 25,000* |
| | | TR124072 | 1,20,000 | |
| | | മൂന്നാം ഗഡു നൽകിയ വിവരം രേഖപ്പെടുത്തിയിട്ടില്ല | | |
| | | 145/05.12.19 | 1,30,000 | |
| | | 147/31.12.19 | 25,000* | |
| | | ആകെ | ? | |
| 3 | ID39,ശ്രീമതി ബുഷ്റ, C/oകുഞ്ഞിമുഹമ്മദ്, ചിറക്കൽ ഹൗസ്, | 101/11.12.17 | 30,000 | CNRB0000859/ 0859101054308 --------- |
| | | 1.3.18 | 1,20,000 | |
| | | 1051/26.11.18 | 1,00,000 | |

| | | | | |
|---|---|---|---|---|
| | കഞ്ഞിപ്പുര | | | 25,000 (ഗുണഭോക്തൃ വിഹിതം) |
| | | 145/5.12.19 | 1,50,000 | |
| | | 147/31.12.19 | 25,000 | |
| | | ആകെ | 4,25,000 | |
| 4 | ID41,ശ്രീമതി ദീപ U C/oരാമദാസൻ, മാമ്പറ്റ ഹൗസ്, കോടക്കുന്ന് | ഒന്നും രണ്ടും ഗഡു നൽകിയ വിവരം രേഖപ്പെടുത്തിയിട്ടില്ല | | SYNB0004606/ 46062200012786 --------- 45,000 (ഗുണഭോക്തൃ വിഹിതം) |
| | | 115/9.4.18 | 1,20,000 | |
| | | 143/6.9.19 | 1,30,000 | |
| | | 147/31.12.19 | 45,000* | |
| | | ആകെ | ? | |
| 5 | ID84,ശ്രീമതി കമറുന്നീസ, C/oമുഹമ്മദാലി, പന്തൻപറമ്പിൽ, കാർത്തല | ആദ്യ ഗഡു നൽകിയ വിവരം രേഖപ്പെടുത്തിയിട്ടില്ല | | PNB / 9913001700002499 --------- 25,000 (ഗുണഭോക്തൃ വിഹിതം) |
| | | 127/ 8.10.18 | 1,00,000 | |
| | | മൂന്നാം ഗഡു നൽകിയ വിവരം രേഖപ്പെടുത്തിയിട്ടില്ല | | |
| | | 146/ 10.12.19 | 1,50,000 | |
| | | 151/28.1.20 | 25,000* | |
| | | ആകെ | ? | |
| 6 | ID 144 ശ്രീമതി റഹ്മത്ത്, C/o മുഹമ്മദ് കുട്ടി വട്ടപ്പറമ്പിൽ, കഞ്ഞിപ്പുര | 101/11.12.17 | 30,000 | SBIN0070637/ 20278860448 ----------- *25,000 (ഗുണഭോക്തൃ വിഹിതം) |
| | | രണ്ടും ഗഡു നൽകിയ വിവരം രേഖപ്പെടുത്തിയിട്ടില്ല | | |
| | | 132/2.3.19 | 1,00,000 | |
| | | 145/5.12.19 | 1,50,000 | |
| | | 158/11.3.20 | 25000* | |
| | | ആകെ | ? | |
| 7 | ID 190 ശ്രീ സതീശൻ C/oവേലായുധൻ, വടക്കത്ത് പറമ്പിൽ, കിഴക്കേക്കര | ആദ്യ ഗഡു നൽകിയ വിവരം രേഖപ്പെടുത്തിയിട്ടില്ല | | KGB0040254/ 40254101039249 -------- 5,000 (ഗുണഭോക്തൃ വിഹിതം) |
| | | 64631/7.5.18 | 1,20,000 | |
| | | 110/ 11.7.18 | 1,00,000 | |
| | | 146/10.12.19 | 1,50,000 | |
| | | 03.3.20 | 25,000* | |
| | | ആകെ | ? | |
| 8 | ID232,ശ്രീമതി സുമ.ടി, C/o വേലായുധൻ,മാമ്പറ്റ, തൊഴുവാനൂർ | ഒന്ന്,രണ്ട് ഗഡു വിവരം രേഖപ്പെടുത്തിയിട്ടില്ല | | SYNB0004606/ 46062200015482 -------- 45,000 (ഗുണഭോക്തൃ വിഹിതം) |
| | | 115/9.4.18 | 1,20,000 | |
| | | 143/6.9.19 | 1,30,000 | |
| | | 147/31.12.19 | 45,000* | |
| | | ആകെ | ? | |
| 9 | ID233,ശ്രീ സുനിൽ കുമാർ, C/o വേലു, കുന്നത്ത്, കക്കൈട്ടുപാറ | ? | 30,000 | CNB0000859/ 0859101058746 -------- |
| | | രണ്ട്,മൂന്ന് ഗഡു വിവരം രേഖപ്പെടുത്തിയിട്ടില്ല | | |

| | | | | |
|---|---|---|---|---|
| | | 30.3.20 | 1,75,000 | 5,000 (ഗുണഭോക്തൃ വിഹിതം) |
| | | ആകെ | ? | |
| | ആകെ തിരികെ നൽകിയ ഗുണഭോക്തൃ വിഹിതം | | | 2,05,000 |

ഗുണഭോക്തൃ വിഹിതം നഗരസഭയിൽ ഒടുക്കിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ഓരോ ഗുണഭോക്താവിനും നൽകിയ ഗഡുക്കളുടെ വിവരം പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. ബിൽ, ചെക്ക് വിവരം പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. പട്ടികയിൽ കൊടുത്ത ഗുണഭോക്താക്കൾക്ക് പുറമെ ധാരാളം ഗുണഭോക്താക്കളുടെ വിവരവും രജിസ്റ്ററിൽ അപൂർണ്ണമായാണ് ചേർത്തിരിക്കുന്നത്.

സബ്സിഡി തുകയായ നാലു ലക്ഷത്തിനു പുറമെ നൽകിയ തുകകൾ യഥാർത്ഥത്തിൽ ഗുണഭോക്തൃ വിഹിതം അല്ലെങ്കിൽ അധികം നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 26 /23.07.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം നഗരസഭയിൽ ഒടുക്കിയ രശീതി വിവരവും ആയത് ഉൾപ്പെടെയുള്ള വിവരം ചേർത്ത് രജിസ്റ്റർ കാലികമാക്കി രശീതി ഉൾപ്പെടെ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ 2,05,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-20 മുൻകൂർ തുക നൽകി-പ്രിന്റർ ലഭ്യമായില്ല.

2019-20 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ കൃഷിഭവനിലേക്ക് പ്രിന്റർ വാങ്ങൽ എന്ന പ്രോജെക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജെക്ട് നമ്പർ,പ്രോജെക്ടിന്റെ പേര്,അടങ്കൽ | ചെലവ് |
|---|---|
| 47/2019-20<br>കൃഷിഭവനിലേക്ക് പ്രിന്റർ വാങ്ങൽ<br>25,000(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)<br>ചെലവ്- 14,851 രൂപ | ബിൽ നമ്പർ 15/2019-20 തി. 4.3.2020 |

കൃഷി ഭവനിലേക്ക് 1 പ്രിന്റർ വാങ്ങുന്നതിനായി 14,851 രൂപ കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയ്സ് TVM/ITBG/PIRI/16237/19-20 തിയ്യതി 28.02.20). എന്നാൽ നാളിതുവരെ പ്രിന്റർ ലഭ്യമായിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/13.7.22 ന് മറുപടിയിൽ പ്രിന്റർ നൽകാമെന്ന് കെൽട്രോൺ മറുപടി നൽകിയതായി കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രിന്റർ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 14,851 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ അപാകതകൾ

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ താഴെ പറയും പ്രകാരം പ്രോജെക്ടുകൾ നിർവഹണം നടത്തിയിട്ടുണ്ട്.

അടങ്കൽ- 4903000 രൂപ

ആകെ ചെലവ്- 2750241 രൂപ

| പ്രോജെക്ട് നമ്പർ | പ്രോജെക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|
| 30/19-20 | പച്ചക്കറി കൃഷി പ്രോത്സാഹനം | 30,000 |
| 46/19-20 | പച്ചക്കറി തൈ വിതരണം | 50,000 |
| 212/19-20 | ഒരു വീട്ടില ഒരു പച്ചക്കറിത്തോട്ടം-ഗ്രോ ബാഗ് വിതരണം വനിത | 90,000 |
| 45/19-20 | കുറ്റിക്കുരുമുളക് തൈ വിതരണം | 2,69,400 |
| 213/19-20 | വാഴകൃഷി പ്രോത്സാഹനം | 1,99,990 |
| 10/19-20 | തെങ്ങ്കൃഷി ജൈവവളപ്രയോഗം | 6,72,000 |
| 211/19-20 | തെങ്ങ് കൃഷി ജൈവവളപ്രയോഗം (SO) | 6,24,000 |
| 9/19-20 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 8,00,000 |

| | | |
|---|---|---|
| 47/19-20 | കൃഷിഭവനിലേക്ക് പ്രിന്റർ വാങ്ങൽ | 14,851 |
| | ആകെ ചെലവ് | 27,50,241 |

പ്രോജെക്ട് നിർവഹണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണമെന്ന് സർക്കാർ ഉത്തരവ് ജി ഒ (എംഎസ്) 11/18/തസ്വഭവ തി. 29.01.2018 ൽ നിർദേശിച്ചിട്ടുണ്ട്.എന്നാൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജെക്ടുകളുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 3/13.7.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ തയ്യാറാക്കി ഹാജരാക്കി.ആയതിൽ മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളുടെ സ്ഥാനപ്പേരോ തിയതിയോ രേഖപ്പെടുത്തിയിട്ടില്ല. പ്രോജെക്ടുകളുടെ മോണിറ്ററിംഗ് യഥാസമയം നടത്തി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-22 ജി.എസ്.ടി.-TDS ഈടാക്കിയില്ല.

ഒരു കരാറിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്തതിന് തുക നൽകുന്ന വേളയിൽ ആയതിന്റെ മൂല്യം 2,50,000രൂപയ്ക്കു മുകളിലാണെങ്കിൽ CGSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 പ്രാബല്യത്തിൽ 2% ജി.എസ്.ടി.TDS നടത്തണം. നികുതി ബാധകമായ ഇനങ്ങളുടെ നികുതി കിഴിച്ചുള്ള വിലയുടെ 2%ആണ് TDS നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടത്. പട്ടികയിൽ പരാമർശിച്ച പുലരി ന്യൂട്രീമിക്സിന് ഇൻവോയ്സുകൾ പ്രകാരമുള്ള തുക അനുവദിച്ച വേളയിൽ ബാധകമായ 2%നികുതി TDS ഈടാക്കിയതായി കാണുന്നില്ല.

നിർവ്വഹണം : ICDS സൂപ്പർവൈസർ

| പ്രൊജക്ട് | ബിൽ/ചെക്ക് നം/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 06/20 , അംഗനവാടി പോഷകാഹാര പദ്ധതി | 2900601931/ 23.9.19 | 1135526 | പുലരി ന്യൂട്രീമിക്സ്- 98,379 (Invoice No.12/26.8.19- Taxable Amount-93030)<br>വളാഞ്ചേരി സർവീസ് സഹകരണ ബാങ്ക്-1037147 |
| | | 707028 | പുലരി ന്യൂട്രീമിക്സ്- 95492(Invoice No.14/26.9.19- Taxable Amount-90300)+95492(Invoice No.17/31.10.19-Taxable Amount-90300)<br>വളാഞ്ചേരി സർവീസ് സഹകരണ ബാങ്ക്-516044 |
| | 2900253804/ 21.6.19 | 188763 | പുലരി ന്യൂട്രീമിക്സ്- 96158(Invoice No.3/26-4.19 Taxable Amount-90930)+92605(Invoice No.5/29.5.19-Taxable Amount-87570) |
| | 2900412655/ 03.8.19 | 192760 | പുലരി ന്യൂട്രീമിക്സ്- 96380(Invoice No.9/20.3.19 Taxable Amount-91140)+96280(Invoice No.7/27.6.19-Taxable Amount-91140) |
| | 2901144704/ 25.01.20 | 214191 | പുലരി ന്യൂട്രീമിക്സ്- 114257(Invoice No.28/28.12.19 Taxable Amount-108045)+99933(Invoice No.23/30.11.19-Taxable Amount-94500) |

നികുതി വിധേയമായ [93030+2×90300+90930+87570+91140×2+108045+94500=836955] 836955രൂപയുടെ 2% -16,739 രൂപ ബില്ലുകളിൽ നിന്ന് കുറവു വരുത്തി നികുതി വകുപ്പിൽ ഒടുക്കേണ്ടതായിരുന്നു. സർക്കാർ നിർദ്ദേശത്തിനനുസൃതമായി നികുതി പിടിച്ച് ഒടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 25 /23.07.2022) നൽകി. മറുപടി ലഭ്യമാക്കിയില്ല. നിയമ പ്രകാരമുള്ള നികുതി പിടിച്ച് ഒടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 നെൽകൃഷിക്ക് കൂലിച്ചെലവ് -പ്രൊജക്ട് നടത്തിപ്പിൽ അപാകതകൾ

2019-20 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷി പ്രോത്സാഹനം എന്ന പ്രോജെക്ടിൽ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് കൃഷി ചെയ്യുന്ന വിസ്തൃതിക്കനുസരിച്ച് കൂലിച്ചെലവ് സബ്സിഡി നൽകുകയാണ് ചെയ്യുന്നത്. ( ഒരു ഹെക്ടറിന് പരമാവധി 17000 രൂപയാണ് സബ്സിഡി നൽകുന്നത് )
പ്രൊജക്ടിന്റെ ചെലവ് വിവരം താഴെ നൽകുന്നു.

| പ്രോജെക്ട് നമ്പർ, പ്രോജെക്ടിന്റെ പേര്, അടങ്കൽ | ചെലവ് |
|---|---|
| 9/2019-20<br>നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി<br>വികസന ഫണ്ട്<br>അടങ്കൽ- 8,00,000<br>ചെലവ്- 8,00,000 രൂപ | ബിൽ നമ്പർ 8/2019-20തി. 31.1.2020<br>4,39,525രൂപ<br>ബിൽ നമ്പർ 9/2019-20 തി.31.1.2020<br>3,60,475 രൂപ |

മേൽ പ്രോജെക്ടിന്റെ നിർവഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു,
1) ആനുകൂല്യം നൽകിയതിന്റെ വ്യക്തമായ രേഖകൾ ഫയലിൽ ഇല്ല.
കൃഷി ചെയ്ത ഭൂമിയുടെ വിസ്തീർണ്ണം, അനുവദനീയമായ തുക സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് എന്നിവ രേഖപ്പെടുത്താതെ ഏതാനും കർഷകർക്ക് പണം നൽകി.
2) പരിശോധനാ റിപ്പോർട്ടിൽ അനുവദിച്ചതിൽ അധികം തുക നൽകി.
മൂന്ന് കർഷകരുടെ അപേക്ഷ പരിശോധിച്ചതിൽ കൃഷി ഓഫീസറുടെ പരിശോധനാറിപ്പോർട്ടിൽ കർഷകർക്ക് അനുവദനീയമായതായി രേഖപ്പെടുത്തിയ തുകയിൽ കൂടുതൽ തുക അനുവദിച്ച നൽകിയതായി കണ്ടെത്തി.

3) പാട്ടകൃഷി ചെയ്തതിന്റെ സമ്മത പത്രം ഇല്ലാതെ സബ്സിഡി അനുവദിച്ചു.
പാട്ടകൃഷി നടത്തിയ മൂന്ന് കർഷകർക്ക് പാട്ടകൃഷി ചെയ്യുന്നതിന് ഭൂവുടമസ്ഥന്റെ സമ്മത പത്രം ഹാജരാക്കാതെ ധന സഹായം നൽകി.
രേഖകൾ ഹാജരാക്കാത്തതു സംബന്ധിച്ചും സബ്സിഡി അധികമായി അനുവദിച്ചതു സംബന്ധിച്ചും നമ്പർ 10/15.7.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഡിപ്പാർട്ട്മെന്റ് പദ്ധതിയുടെയും ജനകീയാസൂത്രണ പദ്ധതിയുടെയും അപേക്ഷകൾ കെട്ടിവെച്ചപ്പോൾ മാറിപ്പോയതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്ന് കൃഷി ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.
ധനസഹായം നൽകുന്നത് സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി-സൈറ്റ് ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.

2019-20 വർഷത്തിൽ വളാഞ്ചേരി നഗരസഭയിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 94 പ്രവത്തികൾ പൂർത്തീകരിക്കുകയും 6286070 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി മാർഗരേഖ സർക്കാർ ഉത്തരവ് (കൈ)216/17 തസ്വഭവ തി. 3.11.2017 ഖ 7.5.6 പ്രകാരം പ്രവത്തിയുടെ സൈറ്റിൽ പ്രവത്തിയുടെ പേര് ,എസ്റ്റിമേറ്റ്, റേറ്റ് ,പങ്കെടുക്കുന്നവരുടെ വിവരങ്ങൾ എന്നിവ കാണിക്കുന്ന ബോർഡ് സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ എസ്റ്റിമേറ്റിൽ സൈറ്റ് ബോർഡ് സ്ഥാപിക്കാനുള്ള പ്രോവിഷൻ രേഖപ്പെടുത്തുകയും സൈറ്റ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടില്ല.തൊഴിലുറപ്പ് പദ്ധതി സൈറ്റിൽ ബോർഡുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 അയ്യങ്കാളി നഗര തൊഴിലുറപ്പ പദ്ധതി-കിണർ റീചാർജ് പ്രവൃത്തികളുടെ സാധ്യത പരിശോധിക്കണം

പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ വാർഷിക കർമപദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തി വരുന്നുണ്ട്.സ.ഉ (കൈ)നം 161/16 /ത.സ്വ.ഭ.വ തി.9.11.2016 പ്രകാരം ജലസുരക്ഷ-സമ്പൂർണ കിണർ റീചാർജ് സംബന്ധിച്ച മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.സംസ്ഥാനത്തെ ജല സ്രോതസ്സുകളെ ശുദ്ധിയായി സംരക്ഷിക്കുകയാണ് ജലസുരക്ഷാ പദ്ധതിയുടെ ലക്ഷ്യം .എന്നാൽ വളാഞ്ചേരി നഗരസഭയുടെ 2019-20 വർഷത്തിൽ ഭരണസമിതി അംഗീകരിച്ച ആക്ഷൻ പ്ലാനിൽ കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്തിട്ടില്ല. വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ കിണർ റീചാർജ് പ്രവൃത്തികൾ ഏറെ പ്രസക്തമാണ്. മാത്രമല്ല

നഗരസഭയുടെ ചെലവ് രേഖകൾ പരിശോധിച്ചപ്പോൾ ഓഡിറ്റ് വർഷത്തിൽ വേനൽ രൂക്ഷമായ സമയത്ത് കുടിവെള്ളം വിതരണം ചെയ്യാൻ വലിയ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.2019-20 വർഷത്തിൽ 1255870 രൂപ കുടിവെള്ള വിതരണത്തിന് തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. നഗരസഭാ പരിധിയിൽ കിണർ റീചാർജിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്. കിണർ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയോചിതമായ ഇടപെടലുകൾ നടത്തേണ്ടതും നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുമാണ്.

## 1-26 നഗരസഭയിലെ വിവിധ സ്ഥലങ്ങളിലെ ഹൈ മാസ്റ്റ് ലൈറ്റുകളുടെ റിപ്പയറിംഗ് -പദ്ധതി അപാകതകൾ-161183 രൂപ തടസ്സം ചെയ്യുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

പ്രോജക്റ്റ്- (SO297/20)

ഫണ്ട് - തനത് ഫണ്ട്

ചെലവ് 16183 രൂപ

ചെക്ക് -JN-2975093 / 31.3.20

(ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ഉൾപ്പെടെ)

സാങ്കേതികാനുമതി തുക -164000

അളവ് പുസ്തകം - 27/19-20

കരാറുകാരൻ - ഷാജിൽ.KP, PWD Electrical Contractor

കരാർ- 20/11.10.19

വളാഞ്ചേരി നഗരസഭയിലെ വിവിധ സ്ഥലങ്ങളിലെ ഹൈമാസ്റ്റ് ലൈറ്റുകൾ റിപ്പയറിംഗ് ചെയ്യുന്നതിനാണ് മേൽ പദ്ധതി. പ്രവൃത്തി 10.1.20 ന് പൂർത്തിയായതനുസരിച്ച് കരാറുകാരന് മേൽ ചെക്ക് പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.റിപ്പയർ ചെയ്യേണ്ട ഹൈമാസ്റ്റ് ലൈറ്റുകളുടെ എണ്ണം, വാർഡ് എന്നിവ കാണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2. പ്രവൃത്തി പൂർത്തീകരിച്ചതായി കാണിച്ച് വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം ഇല്ല.

3. 150W LED Flood Light 2 എണ്ണം, 100W LED Flood Light 13 എണ്ണം ,40 / 50W LED Flood Light 3 എണ്ണം എന്നിവയാണ് റിപ്പയർ ചെയ്തതായി ഫൈനൽ ബിൽ പ്രകാരം കാണുന്നത്. എന്നാൽ ഏതൊക്കെ വാർഡുകളിലെ ഹൈമാസ്റ്റ് ലൈറ്റുകളാണ് റിപ്പയറിംഗ് ചെയ്ത് പ്രവർത്തനക്ഷമമാക്കിയതെന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

4. തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സ്ഥാപനം പരിപാലിക്കുന്നില്ല. അതുകൊണ്ട് തന്നെ ഹൈ മാസ്റ്റ് ലൈറ്റുകളുടെ എണ്ണം, ഇനം,തരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

5.തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ പരിപാലിക്കുന്നില്ല. അതുകൊണ്ട് തന്നെ റിപ്പയർ ചെയ്ത തെരുവ് വിളക്കുകൾ വീണ്ടും പ്രവർത്തന രഹിതമായിട്ടുണ്ടെങ്കിൽ ആയത് കരാറുകാരനെ കൊണ്ട് തന്നെ ശരിയാക്കുന്നതിന് കഴിയുന്നില്ല. പരാതിയുടെ സമയം,തിയ്യതി,പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ആയത് പാലിച്ചിട്ടില്ല.

6.KSEB യിൽ സൂപ്പർവിഷൻ ചാർജ്ജ് അടച്ചിട്ടില്ല. പ്രവൃത്തി നടത്തുന്നതിന് KSEB യുടെ അനുവാദം ലഭ്യമാക്കേണ്ടതുണ്ട്.

7. AMC (Annual Maintenance Contract) വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണം (AUDIT ENQUIRY No. 17 / 16.7.22 (2019-20)) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 161183 രൂപ തടസ്സം ചെയ്യുന്നു.

## 1-27 തെരുവ് വിളക്ക് പ്രവൃത്തികൾ - പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 13452 രൂപ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം

പൂർത്തീകരിച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് PAC യുടെ 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും PAC യുടെ 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

(പ്രവൃത്തികൾക്ക് വേണ്ടി സ്ഥലം 30.11.18 ന് കരാറുകാരന് കൈമാറിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടുള്ളത് 1.3.19 മുതലാണ്. പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനാണ് കരാർ പ്രകാരം സമയം അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കാത്തതിനാൽ ചെക്ക് മെഷർമെന്റിന് താമസം വന്നതിനാൽ വർക്ക് ബില്ല് സമർപ്പിക്കാൻ സാധിച്ചില്ല എന്നും ആയതിനാൽ ഫൈൻ ഒഴിവാക്കി തരണമെന്നും കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതിൻമേൽ ഭരണ സമിതി തീരുമാനം എടുത്തിട്ടില്ല. ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കാത്തതിനാൽ മെഷർമെന്റ് ,ചെക്ക് മെഷർമെന്റ് എന്നിവ 1.8.19 ന് എടുത്തിട്ടുണ്ടെന്ന് അസി.എഞ്ചിനീയർ. ജില്ലാ ഇലക്ട്രിക്കൽ വിഭാഗം, മലപ്പുറം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾക്ക് വേണ്ടി സ്ഥലം 30.11.18 ന് കരാറുകാരന് കൈമാറുകയും എന്നാൽ കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടുള്ളത് 1.3.19 മുതലായതിനാലും കരാറുകാരന്റെ അപേക്ഷ പരിഗണിക്കാൻ കഴിയില്ല. അളവ് പുസ്തകത്തിൽ അവസാനം അളവ് എടുത്തതായി കാണിച്ച തിയതിയാണ് പ്രവൃത്തി പൂർത്തീകരിച്ച ദിവസമായി കണക്കാക്കുക))

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | ബാവപ്പടി മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO271/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം - -1367780/31.10.19-145544 രൂപ (ജില്ലാതല സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ഉൾപ്പെടെ)<br>സാങ്കേതികാനുമതി തുക -150000<br>PAC-140261<br>അളവ് പുസ്തകം - 93/18-19<br>കരാറുകാരൻ - അബ്ദുൾ റഷീദ്.KP<br>കരാർ- 107/30.11.18 | 30.11.18 | 31.3.19 വരെ | 1.8.19 | 2369 രൂപ<br>1.4.19 മുതൽ 30.6.19 വരെ<br>1402.6<br>1.7.19 മുതൽ 31.7.19 വരെ<br>2805x31/90 = 966 |
| 2 | അബുദാബിപ്പടി മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO286/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം - -1367780/31.10.19-145840 രൂപ (ജില്ലാതല | 30.11.18 | 31.3.19 വരെ | 1.8.19 | 2369 രൂപ<br>1.4.19 മുതൽ 30.6.19 വരെ<br>1402.6<br>1.7.19 മുതൽ 31.7.19 വരെ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ഉൾപ്പെടെ)<br>സാങ്കേതികാനുമതി തുക -150000<br>PAC-140261<br>അളവ് പുസ്തകം - 91/18-19<br>കരാറുകാരൻ - അബ്ദുൾ റഷീദ്.KP<br>കരാർ- 109/30.11.18 | | | | 2805x31/90 = 966 | |
| | 3 | താണിയപ്പൻകുന്ന് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO250/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം -JF3103947 /7.11.19-144618 രൂപ (ജില്ലാതല സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ഉൾപ്പെടെ)<br>സാങ്കേതികാനുമതി തുക -150000<br>PAC-139180<br>അളവ് പുസ്തകം - 96/18-19<br>കരാറുകാരൻ - അബ്ദുൾ റഷീദ്.KP<br>കരാർ- 104/30.11.18 | 30.11.18 | 31.3.19 വരെ | 1.8.19 | 2351 രൂപ<br>1.4.19 മുതൽ 30.6.19 വരെ<br>1391.80<br>1.7.19 മുതൽ 31.7.19 വരെ<br>2784x31/90 = 959 | |
| | 4 | ആക്കത്തടം മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO286/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം - -1367779/31.10.19- 49383 രൂപ (ജില്ലാതല സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ഉൾപ്പെടെ)<br>സാങ്കേതികാനുമതി തുക -50000<br>PAC-47511<br>അളവ് പുസ്തകം - 94/18-19 | 30.11.18 | 31.3.19 വരെ | 1.8.19 | 802 രൂപ<br>1.4.19 മുതൽ 30.6.19 വരെ<br>475.1<br>1.7.19 മുതൽ 31.7.19 വരെ<br>950x31/90 = 327 | |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ - അബ്ദുൾ റഷീദ്.KP<br>കരാർ- 106/30.11.18 | | | | |
| 5 | മൂർക്കംമ്പാട്ട് കോളനിയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO286/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം - -1367780/31.10.19- 98876 രൂപ (ജില്ലാതല സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ഉൾപ്പെടെ)<br>സാങ്കേതികാനുമതി തുക -100000<br>PAC-95261<br>അളവ് പുസ്തകം - 92/18-19<br>കരാറുകാരൻ - അബ്ദുൾ റഷീദ്.KP<br>കരാർ- 108/30.11.18 | 30.11.18 | 31.3.19 വരെ | 1.8.19 | 1609 രൂപ<br>1.4.19 മുതൽ 30.6.19 വരെ<br>952.6<br>1.7.19 മുതൽ 31.7.19 വരെ<br>1905x31/90 = 656 |
| 6 | കാളിയാല മസ്ജിദ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO259/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം - -JF3103946 /7.11.19- 49371 രൂപ (ജില്ലാതല സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ഉൾപ്പെടെ)<br>സാങ്കേതികാനുമതി തുക -50000<br>PAC-47510<br>അളവ് പുസ്തകം - 95/18-19<br>കരാറുകാരൻ - അബ്ദുൾ റഷീദ്.KP<br>കരാർ- 105/30.11.18 | 30.11.18 | 31.3.19 വരെ | 1.8.19 | 802 രൂപ<br>1.4.19 മുതൽ 30.6.19 വരെ<br>475.1<br>1.7.19 മുതൽ 31.7.19 വരെ<br>950x31/90 = 327 |
| 7 | കമ്മുട്ടിക്കുളം മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO230/20)<br>ഫണ്ട് - തനത് ഫണ്ട് | 30.11.18 | 31.3.19 വരെ | 1.8.19 | 2351<br>1.4.19 മുതൽ 30.6.19 വരെ |

| | | | | | |
|---|---|---|---|---|---|
| | ചെക്ക് നം -<br>-1367779/31.10.19-<br>144764 രൂപ (ജില്ലാതല സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ഉൾപ്പെടെ)<br>സാങ്കേതികാനുമതി തുക -150000<br>PAC-139180<br>അളവ് പുസ്തകം - 97/18-19<br>കരാറുകാരൻ - അബ്ദുൾ റഷീദ്.KP<br>കരാർ- 103/30.11.18 | | | | 1391.8<br>1.7.19 മുതൽ 31.7.19 വരെ<br>2784x31/90 = 959 |
| 8 | അമ്പലപ്പറമ്പ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SO289/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം -<br>-JF3103942/7.11.19-<br>48896 രൂപ (ജില്ലാതല സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ഉൾപ്പെടെ)<br>സാങ്കേതികാനുമതി തുക -50000<br>PAC-47344<br>അളവ് പുസ്തകം - 90/18-19<br>കരാറുകാരൻ - അബ്ദുൾ റഷീദ്.KP<br>കരാർ- 110/30.11.18 | 30.11.18 | 31.3.19 വരെ | 1.8.19 | 799<br>1.4.19 മുതൽ 30.6.19 വരെ<br>473.4<br>1.7.19 മുതൽ 31.7.19 വരെ<br>947x31/90 = 326 |
| | ആകെ | | | | 13452 |

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 8 /14.7.22 (2019-20) മറുപടി ലഭ്യമാക്കിയില്ല. പിഴ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-28 PHC നവീകരണം – എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത കാരണം അനാവശ്യ ചെലവ് ഉണ്ടായി

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - SO298/20

ഫണ്ട് - MG(NR) & Own Fund

ബിൽ -191508470031009335O1/11.12.19 – 120000

ചെക്ക് -JF-3103956/10.2.20 – 279979

മൂല്യനിർണ്ണയം - 399979

കരാർ 126/5.8.19

അളവ് പുസ്തകം 13/19-20

കരാറുകാരൻ-അബ്ദുൾ മജീദ്

TS No-116208/18-19 400000 രൂപ

Est.No-2018/143631

Coi – 37.25% (2016 DSR)

2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഈ പദ്ധതിയിൽ PHC നവീകരിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. നിലവിലുള്ള PHC കെട്ടിടത്തിലെ കേടുവന്ന ജനൽ പൊളികളും ജനാലകളും മാറ്റുന്നതിനും വാർഡിന്റെ അകത്തും ചുമരിലും ടൈൽ വിരിക്കുന്നതിനും കെട്ടിടം പെയിന്റിംഗ് ചെയ്യുന്നതിനും നിലവിലുള്ള ഒ.പി ബ്ലോക്ക് വേർതിരിച്ച് ഡ്രസ്സിംഗ് റൂം ഉണ്ടാക്കുന്നതിനുമാണ് എസ്റ്റിമേറ്റിൽ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നത്. 4,00,000 രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രവൃത്തി പിന്നീട് റിവെസഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പെയിന്റിംഗ്, ടൈൽസ് വിരിക്കൽ എന്ന ഇനങ്ങൾ മാത്രം ചെയ്തു.

PHC നവീകരണത്തിന്റെ ഭാഗമായി താഴെ പറയുന്ന ഇനങ്ങളാണ് ചെയ്തിട്ടുള്ളത്.

| | ഇനം | അളവ് | ചെലവ് തുക |
|---|---|---|---|
| ഇനം 11 | DAR 14.53.1<br>Wall Painting | 1971.112 M2x75.83/m2 | 149469.42 |
| ഇനം 16 | DAR 15.56<br>Dismantiling Old Cement Plaster From Floor | 123.520 M2x30.74/m2 | 3797 |
| ഇനം 17 | DAR 11.41.2<br>Providing And Laying Vetrified Floor Tiles | 123.520 M2x1536.38/m2 | 189773.66 |
| Extra Item 1 | DAR 4.1.8<br>1:4:8 Cement Concreting | 9.264 M3x6146.26/m2 | 56938.05 |

ഇനം 16 പ്രകാരം ഫ്ലോറിലെ പ്ലാസ്റ്ററിംഗ് പൊളിച്ചെടുത്തതിന് 3797 രൂപയും അധിക ഇനം 1 പ്രകാരം പ്രസ്തുത ഭാഗം 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് ചെയ്തതിന് 56938.95 രൂപയും അനുവദിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തി ചെയ്യുന്നതിന് മുമ്പ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഫ്ലോറിൽ മൊസൈക്ക് ആയിരുന്നു ഇട്ടിരുന്നത് (ആശുപത്രി ജീവനക്കാർ ബോധിപ്പിച്ചത്). പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഫ്ലോറിൽ വെട്രിഫൈഡ് ടൈൽസ് വിരിക്കാത്ത മുറികളിലും മൊസൈക്ക് ആണ് ഉള്ളത് (എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഭാഗങ്ങൾ). ഫ്ലോറിലെ പ്ലാസ്റ്ററിംഗ് പൊളിച്ചെടുത്ത് വീണ്ടും അവിടെ സിമെന്റ് കോൺക്രീറ്റിംഗ് നടത്തി ടൈൽസ് ഇടുന്നതിന് പകരം നിലവിലെ മൊസൈക്കിൻമേൽ ചിപ്പ് ചെയ്ത് പശ (Gum) ഉപയോഗിച്ച് ടൈൽസ് ഒട്ടിക്കുന്നതിനാണ് എസ്റ്റിമേറ്റിൽ പ്രോവിഷൻ വെക്കേണ്ടിയിരുന്നത് ഇത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിൽ ഫ്ലോറിലെ പ്ലാസ്റ്ററിംഗ് പൊളിച്ചെടുത്തതിന് നൽകിയ ചെലവും പ്രസ്തുത ഭാഗം 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് നടത്തുന്നതിനുണ്ടായ ചെലവും ഒഴിവാക്കാമായിരുന്നു. DAR Code 11.41.2 പ്രകാരമുള്ള നിരക്ക് നിന്നും സിമെന്റ് മോർട്ടാറിന്റെ അളവ് കുറച്ച നിരക്ക് അനുവദിക്കുകയും DAR Code 11.43 പ്രകാരമുള്ള (പശ ) നിരക്ക് നൽകി പ്രവർത്തി ചെയ്യുകയും ചെയ്തിരുന്നെങ്കിൽ അനാവശ്യമായ ചെലവുകൾ ഒഴിവാക്കാമായിരുന്നു. ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 18 / 16.7.22 (2019-20)) കെട്ടിടത്തിന്റെ നിലം പഴയ കോൺക്രീറ്റ് ആയതിനാൽ പല സ്ഥലങ്ങളിലും കോൺക്രീറ്റിന് കനം കുറവായിരുന്നതിനാലുമാണ് ഇങ്ങനെ ചെയ്തത് എന്ന് മറുപടി നൽകി. പ്രവൃത്തികൾക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പ്രവൃത്തി സ്ഥലം നേരിട്ട് പരിശോധിച്ച് ആവശ്യമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ കുറവായി ഈടാക്കി – നഷ്ടം 19295 രൂപ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം

പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് PAC യുടെ 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും PAC യുടെ 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും പിഴ കുറവായി ഈടാക്കിയാണ് കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | ഈടാക്കിയ പിഴ | ഈടാക്കേണ്ട പിഴ | പിഴ ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|---|---|
| 1 | കുരിപ്പറമ്പിൽ കാട്ടിൽ റോഡ് ടാറിംഗ് (SO296/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് -JF 1309429/31.3.20- 197754 രൂപ<br>സാങ്കേതികാനുമതി തുക -200000<br>PAC- 199754<br>അളവ് പുസ്തകം - 66/19-20<br>കരാറുകാരൻ - മസൂദ്.K<br>കരാർ- 130/5.3.19 | 5.3.19 | 31.3.19 വരെ | 29.3.20 | 5933 | 13894<br>1.4.19 മുതൽ 30.6.19 വരെ<br>1997.5<br>1.7.19 മുതൽ 30.9.19 വരെ<br>3995<br>1.10.19 മുതൽ 31.12.19 വരെ<br>3995<br>1.1.20 മുതൽ 28.3.20 വരെ<br>3995x88/90 = 3906 | 7961 രൂപ |
| 2 | അംബേദ്കർ കോളനി മോട്ടോർ പുര റിപ്പയർ (SO286/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം - JN-1309428/31.3.20- 41895 രൂപ<br>സാങ്കേതികാനുമതി തുക -50000 | 30.11.18 | 31.3.19 വരെ | 16.1.20 | 1257 | 2235<br>1.4.19 മുതൽ 30.6.19 വരെ<br>418.9<br>1.7.19 മുതൽ 30.9.19 വരെ | 978 രൂപ |

| | | | | | | | |
|---|---|---|---|---|---|---|---|
| | PAC-41895<br>അളവ് പുസ്തകം - 72/19-20<br>കരാറുകാരൻ - സദാനന്ദൻ.K<br>കരാർ- 101/30.11.18 | | | | | 838<br>1.10.19 മുതൽ 31.12.19 വരെ<br>838<br>1.1.20 മുതൽ 15.1.20 വരെ<br>838x15/90 = 140 | |
| 3 | ബ്ലോക്കോഫീസ് മൈലാടിക്കുന്ന് റോഡ് ടാറിംഗ് (SO296/20)<br>ഫണ്ട് - MG(R)<br>ബിൽ നം -1915084700310377927/29.2.20-149584 രൂപ<br>സാങ്കേതികാനുമതി തുക -150000<br>PAC- 149990<br>അളവ് പുസ്തകം - 71/19-20<br>കരാറുകാരൻ - മൊയ്തീൻ കുട്ടി.TM<br>കരാർ- 95/12.9.18 | 12.9.18 | 31.3.19 വരെ | 21.1.20 | 4488 | 8167<br>1.4.19 മുതൽ 30.6.19 വരെ<br>1499.9<br>1.7.19 മുതൽ 30.9.19 വരെ<br>3000<br>1.10.19 മുതൽ 31.12.19 വരെ<br>3000<br>1.1.20 മുതൽ 20.1.20 വരെ<br>3000x20/90 = 667 | 3679 രൂപ |
| 4 | താണിയപ്പൻ കുന്ന് തോണിക്കൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (SO228/20)<br>ഫണ്ട് - MG(R)<br>ബിൽ നം -19150847003101132422/23.1.20-145416<br>സാങ്കേതികാനുമതി തുക -150000<br>PAC- 149892<br>അളവ് പുസ്തകം - 36/19-20<br>കരാറുകാരൻ - മുസ്തഫ.P<br>കരാർ- 24/31.8.18 | 31.8.18 | 31.3.19 വരെ | 23.12.19 | 4363 | 7295<br>1.4.19 മുതൽ 30.6.19 വരെ<br>1498.9<br>1.7.19 മുതൽ 30.9.19 വരെ<br>2998<br>1.10.19 മുതൽ 22.12.19 വരെ<br>2998x84/90 = 2798 | 2932 രൂപ |
| 5 | മുരിങ്ങത്താഴം റോഡ് റീടാറിംഗ് (SO254/20) | 4.7.18 | 31.3.19 വരെ | 28.11.19 | 8350 | 12095<br>1.4.19 മുതൽ | 3745 രൂപ |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഫണ്ട് - MG(R)<br>ബിൽ നം -19150847003101133073/23.1.20-278341<br>സാങ്കേതികാനുമതി തുക -300000<br>PAC- 282000<br>അളവ് പുസ്തകം - 35/19-20<br>കരാറുകാരൻ -ഷമീർ.M<br>കരാർ- 11/4.7.18 | | | | | 30.6.19 വരെ<br>2820<br>1.7.19 മുതൽ 30.9.19 വരെ<br>5640<br>1.10.19 മുതൽ 27.11.19 വരെ<br>5640x58/90 = 3635 | |
| | ആകെ | | | | | | 19295 രൂപ |

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 7 / 14.7.22 (2019-20)) മറുപടി ലഭ്യമാക്കിയില്ല. പിഴ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-30 കുഴൽകിണർ നിർമ്മാണം - തുടർ വിവരങ്ങൾ ലഭ്യമല്ല

താഴെ പറയുന്ന പ്രവൃത്തികൾക്ക് വേണ്ടി അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി തൻവർഷം തുകകൾ ചെലവഴിച്ചിട്ടുണ്ട്. മഷൂദ് .K എന്ന കരാറുകാരൻ വഴിയാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

| പ്രോജക്റ്റ് നമ്പർ | പ്രവൃത്തി | ചെലവഴിച്ച തുക |
|---|---|---|
| SO280/20 | കാളിയാല റോഡ് കുഴൽകിണർ നിർമ്മാണം | 45344 |
| SO279/20 | താണിയപ്പൻ ഇൻഡസ്ട്രിയൽ റോഡ് കുഴൽകിണർ നിർമ്മാണം | 43169 |

| | | |
|---|---|---|
| SO273/20 | കരിങ്കല്ലത്താണി റോഡ് കുഴൽകിണർ നിർമ്മാണം | 35342 |

മേൽ കുഴൽ കിണർ നിർമ്മാണങ്ങൾ പൂർത്തീകരിച്ചെങ്കിലും ഇവയിൽ നിന്നും വെള്ളം ലഭിച്ചിട്ടുണ്ടോ എന്ന വിവരം ഫയലിൽ ഇല്ല. പദ്ധതികളിൽ മുഴുവൻ പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിന് ഫണ്ട് വകയിരുത്താത്തതിനാൽ പ്രവത്തികൾ ഉദ്ദേശ ലക്ഷ്യത്തിലെത്തുന്നില്ല. സർവ്വെ ചാർജ്, കുഴൽ കിണർ കുഴിക്കൽ എന്നിവക്ക് മാത്രമാണ് പ്രോജക്ടിൽ തുക വകയിരുത്തുന്നത്. മോട്ടോർ,പൈപ്പ്,വയർ മറ്റ് അനുബന്ധ സാമഗ്രികൾക്ക് തുക വകയിരുത്താത്തതിനാൽ പ്രവൃത്തികൾ പൂർത്തിയാക്കി തൻവർഷം ഗുണഭോക്താക്കൾക്ക് വെള്ളമെത്തിക്കാൻ കഴിയുന്നില്ല. ഈ പ്രവൃത്തികളിൽ നിന്നും വെള്ളം ലഭ്യമായിട്ടുണ്ടെങ്കിൽ തുടർപ്രവർത്തനങ്ങൾക്ക് പദ്ധതി തയ്യാറാക്കി ഗുണഭോക്താക്കൾക്ക് വെള്ളം ലഭിക്കുന്നതിനുള്ള സൗകര്യം ചെയ്ത് കൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 6 / 14.7.22 (2019-20)) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ മേൽ കുഴൽ കിണർ നിർമ്മാണങ്ങളിൽ മേലുള്ള തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-31 മരാമത്ത് പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷം നൽകിയതിനെ തുടർന്ന് തിരിച്ചടവാക്കി.

| പ്രവൃത്തി | ഓഡിറ്റ് അന്വേഷണം നമ്പർ | തിരിച്ചടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|---|
| മാടത്തിയാർകുന്ന് പരപ്പിൽ ഫൂട്ട് പാത്ത് അഭിവൃദ്ധിപ്പെടുത്തൽ( SO115/20) | 7 /14.7.22 (പിഴ ഈടാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം) | 1481 | 01/12211010353 /8.7.22 |

## 1-32 ഇ. ടെണ്ടർ - ടെണ്ടർ ഫീ നഗരസഭ ഫണ്ടിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2019-20 വർഷത്തിൽ വളാഞ്ചേരി നഗരസഭയിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നഗരസഭ ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല. നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ഇ ടെണ്ടർ ഫീസിനിത്തിലുള്ള തുക പോകുന്നത്. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട് (ത.സ്വ.സ്ഥാപനങ്ങളിലെ അസി.എഞ്ചിനീയർമാരുടെ പേരിൽ). മേൽ നിർദേശം പാലിക്കുകയും ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നഗരസഭക്ക് ലഭിക്കാനുള്ള തുക കണക്കാക്കി ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.(AUDIT ENQUIRY No. 19 / 16.7.22 (2019-20) .തൻവർഷത്തിൽ ഇ ടെണ്ടർ ചെയ്ത പ്രവൃത്തികൾ

| പ്രോജക്റ്റ് നം. | സാങ്കേതിക അനുമതി തുക |
|---|---|
| 130/20 | 1500000 |
| 140/20 | 1500000 |
| 145/20 | 1007000 |
| 227/20 | 1500000 |
| 278/20 | 1000000 |
| 287/20 | 500000 |
| 320/20 | 600000 |

ഇ.ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-33 മരാമത്ത് പ്രവൃത്തി- പൊതു അവലോകനം

2019-20 വർഷത്തിൽ നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 188 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 96 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 51ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 188 | ആകെ അടങ്കൽ | 39724359 |
| നടപ്പിലാക്കിയത് | 96 | ചെലവ് | 13179659 |
| ശതമാനം | 51 | ചെലവ് ശതമാനം | 33.17 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 48 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 10 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ നഗരസഭക്കായിട്ടില്ല.

പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി

2019-20 വർഷത്തെ പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി യോഗം ചേർന്നത് 14 തവണയാണ്. (2018-19 വർഷത്തിൽ രണ്ട് തവണയും 2019-20 വർഷത്തിൽ 12 തവണയും യോഗം പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി ചേർന്നു). പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി യോഗങ്ങളിൽ പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവയൊന്നും ചർച്ചചെയ്തിട്ടില്ല.

2019-20 വർഷത്തിൽ പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് യോഗം ഒരു തവണ പോലും ചേർന്നിട്ടില്ല. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ , ഗ്രൂപ്പിന് മാർഗ്ഗ നിർദേശം നൽകുകയോ ചെയ്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നതിന് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് വർഷം തയ്യാറാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച പരിശോധന പൂർണ്ണ തോതിൽ നടത്താനായിട്ടില്ല. വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും സ്റ്റാന്റിങ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതുമാണ്.

ടെണ്ടർ നടപടികൾ സുതാര്യമല്ല .

2019-20 വർഷത്തിൽ അംഗീകാരം ലഭിച്ച മുഴുവൻ മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും ബാക്കിയുള്ളവ മാന്വൽ ടെണ്ടറും ആയാണ് ടെണ്ടർ ചെയ്തത്.

മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത ഭൂരിഭാഗം ടാറിങ് പ്രവൃത്തികളിലും ആകെ രണ്ടോ അതിൽ കുറവോ കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടർ ലഭ്യമായത് കുറവായതിനാൽ പ്രവൃത്തികൾ റീ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും മിക്കതിലും പിന്നീട് ഒരു ടെണ്ടർ മാത്രമാണ് ലഭ്യമായത്.

രണ്ട് ടെണ്ടർ സമർപ്പിക്കപ്പെട്ടതിൽ എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും/ നാമമാത്ര കുറവും രണ്ടാമൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്തു എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/നാമമാത്ര കുറവിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്.

2019-20 വർഷത്തിൽ ആകെ ഇരുപതിലധികം കരാറുകാർ നഗരസഭയുടെ വിവിധ പ്രവൃത്തികൾക്കായി ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് എന്നിട്ടും ഭൂരിപക്ഷം പ്രവൃത്തികൾക്കും രണ്ട് കരാറുകാരുടെ ടെണ്ടർ മാത്രമാണ് നഗരസഭക്ക് ലഭിച്ചിട്ടുള്ളത്. എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ ചെയ്യുന്നതിനും, ടെണ്ടർ പരസ്യത്തിന് കൂടുതൽ പ്രചാരം നൽകുന്നതിന് ഗവണ്മെന്റ് നിർദേശിച്ച നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 പദ്ധതി രൂപീകരണം-നിർവഹണം-പൂർത്തീകരണം - മാർഗരേഖ പാലിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സ ഉ(എംഎസ്) 17/2018 തസ്വഭവ തി. 2.2.18,സഉ(എംഎസ്) 157/2019 തസ്വഭവ തി. 5.12.19 നമ്പർ സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.വളാഞ്ചേരി നഗരസഭയുടെ 2019-20 വർഷത്തെ വാർഷിക പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ച് തയ്യാറാക്കിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1 പ്രോജെക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല

| വർഷം | അംഗീകാരം ലഭിച്ച പ്രോജെക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജെക്ടുകളുടെ എണ്ണം | നടപ്പിലാക്കാത്ത പ്രോജെക്ടുകളുടെ എണ്ണം | പൂർത്തിയായ പ്രോജെക്ടുകളുടെ ശതമാനം | ആകെ അടങ്കൽ | ആകെ ചെലവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 2019-20 | 289 | 158 | 131 | 54.6% | 152283590 | 38010267 |

2019-20 വർഷത്തിൽ 54.6% പ്രോജെക്ടുകൾ മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞത്. പ്രോജെക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതിരിക്കുന്നത് പഞ്ച വത്സര പദ്ധതിയുടെ ലക്ഷ്യം നേടുന്നതിന് തടസ്സമുണ്ടാക്കുന്നു. അപാകതകൾ കണ്ടെത്തി പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2ഫണ്ട് ലാപ്സാകുന്നു

പദ്ധതി നിർവഹണം യഥാസമയം നടക്കാത്തതിനാൽ നഗരസഭാ ഫണ്ട് നഷ്ടപ്പെടുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഫണ്ടിനം(ACR പ്രകാരം) | ലാപ്സായ തുക |
|---|---|---|
| 2019-20 | വികസനഫണ്ട് എസ് സി പി | 9153851 |
| | മെയിന്റനൻസ് ഫണ്ട് റോഡ് | 8383516 |
| | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 717039 |
| | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 6259846 |

പ്രോജെക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ഫണ്ട് നഷ്ടപ്പെടുന്ന പ്രവണത അവസാനിപ്പിക്കുകയും ചെയ്യേണ്ടതാണ്.

3വിദ്യാഭ്യാസ മേഖലയിൽ പ്രോജെക്ടുകൾ നടപ്പാക്കിയില്ല.

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി വിദ്യാഭ്യാസ മേഖലയിൽ 2019-20 വർഷത്തിൽ ചെലവഴിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അംഗീകാരം നേടിയ പ്രോജെക്ടുകളുടെ എണ്ണം | നിർവഹണം നടത്തിയ പ്രോജെക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 2019-20 | 8 | 2 | 645000 | 143465 |

2019-20 വർഷത്തിൽ വിദ്യഭ്യാസ മേഖലയിൽ കാര്യമായി പ്രോജെക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന നഗരസഭയിൽ വിദ്യഭ്യാസ മേഖലയ്ക്ക് അർഹമായ പ്രാതിനിധ്യം നൽകി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ മാർഗരേഖകൾ കണക്കിലെടുത്ത് പ്രോജെക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

4 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലും മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് റോഡിതര ആസ്തികൾ സംരക്ഷിക്കുന്നതിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുവാൻ പദ്ധതി മാർഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്.നഗരസഭയുടെ പദ്ധതി പരിശോധിച്ചതിൽ മാർഗരേഖയിൽ നിർദേശിച്ചു പ്രകാരമുള്ള ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

5 ദുരന്തനിവാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4.12.2019 ലെ സ.ഉ(കൈ) 156/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദേശം പുറപ്പെടുവിച്ചിരുന്നു.കൂടാതെ ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത ടെംപ്ലേറ്റ് അംഗീകരിച്ച് 14.1.2020 ലെ സ.ഉ(കൈ)14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.ദുരന്ത ലഘൂകരണം,തയ്യാറെടുപ്പ്,ദുരന്ത മാനേജ്മെന്റ് എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി പ്രാദേശികമായി ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1 അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team)രൂപീകരണം

2 ജൈവവൈവിദ്ധ്യ മാനേജ്മെന്റ്,കാലാവസ്ഥാ വ്യതിയാനം , പരിസ്ഥിതി സംരക്ഷണം,ദുരന്ത നിവാരണം

വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3 ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്(LRG) രൂപീകരണവും പ്രവർത്തനവും

4 പ്രോജെക്ട് തയ്യാറാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക

ജൈവവൈവിധ്യ മാനേജ്മെന്റ്,കാലാവസ്ഥാ വ്യതിയാനം,പരിസ്ഥിതി സംരക്ഷണം,ദുരന്ത നിവാരണം വർക്കിംഗ് ഗ്രൂപ്പ് 2019-20 വർഷത്തിൽ 16.1.2020 ന് ഒരു യോഗം ചേർന്നിട്ടുണ്ട്. ദുരന്ത നിവാരണം സംബന്ധിച്ച പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും 10.3.2020 ന് ദുരന്തനിവാരണ വികസന സെമിനാർ നടത്തുകയും ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തനിവാരണം വാർഷിക പദ്ധതിയുടെ ഭാഗമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6 പ്രോജെക്ടുകൾ മോണിറ്റർ ചെയ്യുന്നില്ല.

പ്രോജെക്ടുകളുടെ നിർവഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണോ നടക്കുന്നതെന്ന് വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പിക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. സ.ഉ (എംഎസ്) 10/2017 തി. 9.1.2017 പ്രകാരം പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും ഓരോ പ്രോജെക്ടുകളും പ്രത്യേകം മോണിറ്റർ ചെയ്യുകയും വേണം. എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകളൊന്നും ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ല. ആയത് നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

7 സബ്സിഡി മാർഗരേഖ പാലിക്കേണ്ടതാണ്.

പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതി തയ്യാറാക്കൽ സബ്സ്ഡ്-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് മാർഗ്ഗരേഖ സ.ഉ(കൈ) നം 22/2018 /തസ്വഭവ തിയതി 14.2.2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖാ ലംഘനം സംബന്ധിച്ച് അപാകതകൾ ഈ റിപ്പോർട്ടിലെവിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്. പ്രോജെക്ടുകൾ നിർവഹണം നടത്തുമ്പോൾ സബ്സിഡി മാർഗരേഖയും ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

8 വർക്കിംഗ് ഗ്രൂപ്പ് അപാകതകൾ

2019-20 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മിക്ക വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്ട്സ് കോ- ഓർഡിനേറ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടികളിൽ പങ്കെടുക്കുന്നവരുടെ പ്രാതിനിധ്യം കുറവാണ്. ആദ്യ പൊതുയോഗത്തിൽത്തന്നെ മുൻ വർഷ പദ്ധതികൾ വിലയിരുത്തുകയും നടപ്പു വർഷ പദ്ധതികളുടെ മുൻഗണനാക്രമം വിശദീകരിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് കരട് പ്രോജെക്ട് നിർദേശങ്ങൾ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.2019-20 വർഷത്തിൽ മുൻ വർഷ പ്രോജെക്ട് നടത്തിപ്പ് സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.എന്നാൽ ഓഡിറ്റ് വർഷം സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല. കേവലം യോഗം ചേരുക എന്നതിനപ്പുറം വർക്കിംഗ് ഗ്രൂപ്പുകളിൽ കാര്യമായ ചർച്ചകൾ നടക്കുകയോ പ്രോജെക്ട് രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായ പങ്ക് വഹിക്കുകയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ശക്തിപ്പെടുത്തുകയും മിനുട്ട്സ് കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

9 സ്റ്റാന്റിംഗ് കമ്മിറ്റികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണ നിർവഹണം സുതാര്യമാക്കുന്നതിനാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. മോണിറ്ററിംഗ് കമ്മിറ്റി ചെയർമാൻമാരുമായും കൺവീനർമാരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ട് മോണിറ്ററിംഗ് സമിതികളെ പ്രവർത്തനക്ഷമമാക്കുകയും അങ്ങനെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുകയും ചെയ്യേണ്ടത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയാണ്.എന്നാൽ നഗരസഭയിൽ വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടക്കുന്നില്ലെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സ് പരിശോധനയിൽ വ്യക്തമായി. ന്യൂനതകൾ പരിഹരിച്ച് പ്രോജെക്ടുകൾ ഫലപ്രദമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്

10 വാർഡ് സഭാ മിനുട്ട്സ് പരിശോധനാവിവരം

വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ തയ്യാറാക്കുകയും ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായം നൽകുകയും ചെയ്യുന്നത് വാർഡ് സഭകളാണ്.മൂന്നു മാസത്തിലൊരിക്കലെങ്കിലും വാർഡ് സഭകൾ യോഗം ചേരേണ്ടതാണ്. വാർഡ്സഭയുടെ ക്വാറം ആകെ വോട്ടർമാരുടെ എണ്ണത്തിന്റെ പത്ത് ശതമാനമാണ്.ക്വാറം തികയാതെ മാറ്റിവെച്ച യോഗം വീണ്ടും ചേരുമ്പോൾ ക്വറം 50 ആയിരിക്കും വളാഞ്ചേരി നഗരസഭയിൽ ആകെ 33 വാർഡുകളാണ് നിലവിലുള്ളത്. നമ്പർ 32ാം വാർഡിലെ മിനുട്ട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചില വാർഡുകളിൽ വാർഡ് സഭാ തീരുമാനങ്ങൾ രേഖപ്പെടുത്തുകയും കോ - ഓർഡിനേറ്റർ

സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.(ഉദാ.വാർഡ് 7 തി. 23.2.20) കൂടാതെ ക്വാറം തികയാതെയും യോഗം ചേർന്നതായി കാണുന്നു. ഉദാഹരണം വാർഡ് 19(തി. 9.6.19). കുട്ടികളുടെ വാർഡ് സഭ,യുവജനങ്ങളുടെ വാർഡ് സഭ എന്നിവ വർഷത്തിലൊരിക്കലെങ്കിലും ചേരേണ്ടതാണ്.വാർഡ് സഭകൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

11 വിവിധ യോഗനടപടികൾ ശരിയായി രേഖപ്പെടുത്തുന്നില്ല.

2019-20 വർഷത്തേക്കുള്ള പദ്ധതി രൂപീകരണത്തിനായുള്ള വികസന സെമിനാർ 26.12.2018 നാണ് ചേർന്നിട്ടുള്ളത്.2019-20 വർഷത്തെ വികസന സെമിനാറിൽ 172 പേർ പങ്കെടുത്തു. 2029-20 വർഷത്തെ വികസന സെമിനാറിൽ യാതൊരു നിർദേശങ്ങളും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഭിന്നശേഷി,വയോജനങ്ങൾക്കുള്ള പ്രത്യേക വാർഡ് സഭാമിനുട്ട്സുകൾ ശരിയായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്ലാൻ കോ-ഓർഡിനേറ്ററെ തെരഞ്ഞെടുത്തതിന്റെ വിവരങ്ങളും പദ്ധതി നിർവഹണത്തിൽ ആസൂത്രണ സമിതിയുടെ നിർദേശങ്ങൾ രേഖപ്പെടുത്തിയ മിനുട്ട്സും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

12 ജീവനക്കാരുടെ കുറവ് പരിഹരിക്കേണ്ടതാണ്.

2019-20 വർഷത്തിൽ സ്ഥിരം സെക്രട്ടറി ഇല്ലാത്ത സാഹചര്യത്തിൽ സൂപ്രണ്ടിന് അഡീഷണൽ ചാർജ് നൽകുകയാണ് ചെയ്തിട്ടുള്ളത്. പുതുതായി രൂപീകരിച്ച നഗരസഭയായതുകൊണ്ട് ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവും നഗരസഭാ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ഇത് പദ്ധതി നിർവഹണത്തെ ബാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ അഭാവം പദ്ധതി നിർവഹണത്തിന് തടസ്സം ഉണ്ടാക്കുന്നതിനാൽ അത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷിക പദ്ധതികൾ ഇതു സംബന്ധിച്ച മാർഗരേഖയും സർക്കാർ ഉത്തരവുകളും പാലിച്ച് തയ്യാറാക്കുകയും പ്രോജെക്ടുകൾ സമയബന്ധിതമായും ഫലപ്രദമായും പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്.

## 1-35 തെരുവ് വിളക്ക് പ്രവൃത്തികൾ- ജില്ലാതല ഇലക്ട്രിക്കൽ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല

നിർവഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ
തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവൃത്തികൾ ജില്ലാതല ഇലക്ട്രിക്കൽ സമിതിയുടെ മേൽനോട്ടത്തിൽ പൂർത്തിയായിട്ടുണ്ട്

| ക്രമ നമ്പർ. | പ്രവൃത്തി | മൂല്യനിർണ്ണയം | ജില്ലാതല ഇലക്ട്രിക്കൽ സമിതിക്ക് അനുവദിച്ച തുക (അളവ് പുസ്തകത്തിലെ മൂല്യ നിർണ്ണയപ്രകാരം) |
|---|---|---|---|
| 1 | ബാവപ്പടി മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO271/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം - -1367780/31.10.19<br>കരാർ- 107/30.11.18 | 145544 | 5610 |
| 2 | അബുദാബിപ്പടി മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO286/20)<br>ഫണ്ട് - തനത് ഫണ്ട് | 145840 | 5610 |

| | | | |
|---|---|---|---|
| | ചെക്ക് നം - -1367780/31.10.19<br>കരാർ- 109/30.11.18 | | |
| 3 | താണിയപ്പൻകുന്ന് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO250/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം -JF3103947 /7.11.19-<br>കരാർ- 104/30.11.18 | 144618 | 5584 |
| 4 | ആക്കത്തടം മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO286/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം - -1367779/31.10.19-<br>കരാർ- 106/30.11.18 | 49383 | 1900 |
| 5 | മൂർക്കംമ്പാട്ട് കോളനിയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO286/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം - -1367780/31.10.19-<br>കരാർ- 108/30.11.18 | 98876 | 3810 |
| 6 | കാളിയാല മസ്ജിദ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO259/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം - -JF3103946 /7.11.19-<br>കരാർ- 105/30.11.18 | 49371 | 1900 |
| 7 | കമ്മുട്ടിക്കുളം മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 144764 | 5584 |

| | | | |
|---|---|---|---|
| | (SO230/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം - -1367779/31.10.19-<br>കരാർ- 103/30.11.18 | | |
| 8 | അമ്പലപ്പറമ്പ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SO289/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം - -JF3103942/7.11.19-<br>കരാർ- 110/30.11.18 | 48896 | 1894 |

സ.ഉ.(സാ.ധാ)നം.3033/2014/ത.സ്വ.ഭ.വ തി.21.11.2014, സ.ഉ.(സാ.ധാ)നം.2878/2015/ത.സ്വ.ഭ.വ തി.22.9.2015 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതിക അനുമതി നൽകുന്നതിനും പൊതുമരാമത്ത് വകുപ്പ്, KSEB എന്നിവടങ്ങളിൽ നിന്നും വിരമിച്ച എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ നിർവഹണം കൂടുതൽ കാര്യക്ഷമവും സുഗമവുമാക്കുന്നതിനാണ് ഈ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും PWD,KSEB എന്നിവടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കേണ്ടതും ഈ പാനലിൽ നിന്നും ഒരു എഞ്ചിനീയറെ ത.സ്വ.ഭ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത എഞ്ചിനീയറുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവ പ്രസ്തുത എഞ്ചിനീയറുടെ ഉത്തരവാദിത്തമായിരിക്കും. ഇതിന് പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ 3 ശതമാനത്തിൽ കവിയാത്ത തുക പ്രതിഫലമായി എഞ്ചിനീയർക്ക് നൽകാവുന്നതാണ്. മാത്രമല്ല പ്രവൃത്തികളുടെ സാങ്കേതിക അനുമതി വർക്കുകളുടെ ചെക്ക് മെഷർമെന്റ് എന്നിവ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയർ കൺവീനറായി മൂന്നിൽ കുറയാതെയുള്ള PWD,KSEB എന്നിവടങ്ങളിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും കമ്മറ്റിയിലെ ഇലക്ട്രിക്കൽ എഞ്ചിയർമാർ പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തേണ്ടതും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തേണ്ടതുമാണ്. താഴെ പറയുന്ന കാരണങ്ങളാൽ ജില്ലാതല ഇലക്ട്രിക്കൽ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് വിലയിരുത്തുന്നു.

1. കരാറുകാരൻ മാത്രമാണ് നിർവഹണ ഉദ്യോഗസ്ഥനുമായി കരാർ ചമച്ചിട്ടുള്ളത്. ത.സ്വ.ഭ സ്ഥാപനം ജില്ലാതല ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. അതുകൊണ്ട് തന്നെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എഞ്ചിനീയറുടെ പ്രവൃത്തികളുടെ മേൽനോട്ടവുമായി ബന്ധപ്പെട്ട ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമല്ല.

2. പ്രവൃത്തികൾ നടത്തുന്നതിന് കരാറുകാരൻ അബ്ദുൾ റഷീദ്.KP എന്നവർക്ക് 30.11.2018 ന് സ്ഥലങ്ങൾ കൈമാറിയിട്ടുണ്ട് (Acknowledgement Of Site Handing Over Report പ്രകാരം). എന്നാൽ ടിയാൻ പ്രവൃത്തികൾ തുടങ്ങിയിട്ടുള്ളത് 1.3.2019 ൽ മാത്രമാണ്. പ്രവൃത്തി സ്ഥലങ്ങൾ കൈപ്പറ്റി 3 മാസത്തിന് ശേഷമാണ് കരാറുകാരൻ പണി തുടങ്ങിയത്. ഇതിൻമേൽ കൃത്യമായ മേൽ നോട്ടം ജില്ലാതല ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എഞ്ചിനീയറുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

3. കരാറുകൾ പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കേണ്ടത് 31.3.2019 നാണ്. എന്നാൽ പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തിയായിട്ടുള്ളത് 1.8.2019 നാണ്. പ്രവൃത്തികളുടെ അവസാനം അളവെടുത്ത തിയതി 1.8.2019 ന് ആണെങ്കിലും പ്രവൃത്തികൾ 31.3.2019 ന് പൂർത്തിയായതായി ജില്ലാതല ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എഞ്ചിനീയർ കംപ്ലീഷൻ റിപ്പോർട്ടിൽ (KFC Form 24) രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ക്രമ പ്രകാരമല്ല.

4. KSEB യിൽ നിന്നും സർവീസ് കണക്ഷൻ ലഭിക്കാതെ തന്നെ പ്രവൃത്തികളുടെ മെഷർമെന്റ് , ചെക്ക് മെഷർമെന്റ് എന്നിവ ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ കമ്മീഷൻ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.

5.പ്രവൃത്തികളുടെ അവസാനം അളവെടുത്ത തിയതിയാണ് പ്രവൃത്തി പൂർത്തീകരിച്ച തിയതിയായി കണക്കാക്കുക.

പ്രവൃത്തികളിൽ നിന്നും വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല.

6. Supply Of Installation And Commissioning ആണ് സമിതിയുടെ മേൽനോട്ടത്തിൽ നിർവഹിക്കേണ്ടത്. എന്നാൽ മേൽ പ്രവൃത്തികൾ കമ്മീഷൻ ചെയ്തതിന്റെ വിവരം ഇല്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 9 / 14.7.22 (2019-20)) മറുപടി ലഭ്യമാക്കിയില്ല. തെരുവ് വിളക്ക് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ജില്ലാതല ഇലക്ട്രിക്കൽ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ ഭരണ സമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതാണ്.

## 1-36 റോഡ് കണക്റ്റിവിറ്റി മാപ്പ്- പ്ലാൻ, മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കൂടാതെ നഗരസഭയുടെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും നഗരസഭ തയ്യാറാക്കേണ്ടതുണ്ട്. നഗരസഭയുടെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും നഗരസഭ തയ്യാറാക്കിയിട്ടില്ല. തൻ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് ഇക്കാരണത്താൽ വ്യക്തമല്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-37 കുടിവെള്ളം വിതരണം-അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്

1. വൗച്ചർ നം.136/24-05-2019 : 2,83,800

2. വൗച്ചർ നം.190/12-06-2019 : 4,90,204

3. വൗച്ചർ നം.217/27-06-2019 : 4,81,866

നഗരസഭയിലെ ജലക്ഷാമം രൂക്ഷമായ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്ഷണിച്ച ടെണ്ടറിന് ശ്രീ. ഷംസുദ്ദീൻ,തൊഴുവാനൂർ സമർപ്പിച്ച ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത് (1100രൂപ/ലോഡ്). ആയതിന്റെ നിർവ്വഹണ രേഖകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു-

1. GPS സംവിധാനം ഉള്ള വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത് എന്ന് 02.03.2019 ലെ സ.ഉ.(സാധാ) 500/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും GPS ട്രിപ്പ് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ട്രിപ്പ് ഷീറ്റുകൾ നഗരസഭാ ഉദ്യോഗസ്ഥർ, വാർഡ് കൗൺസിലർ, വില്ലേജ് ഓഫീസർ എന്നിവർ കൂടി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

2. കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

3. ദുരന്ത നിവാരണ വകുപ്പിന്റെ സർക്കുലർ നം. ഡി.എം.ബി.-2/32/2019/ഡി.എം.ഡി/20-03-2019 പ്രകാരം, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കുടിവെള്ളം വിതരണം ചെയ്തതിനുള്ള തുക റിക്കപ്പ് ചെയ്ത് ലഭിക്കണമെങ്കിൽ ജില്ലാ കലക്ടറുടെ മുൻകൂർ അനുമതി ലഭ്യമാകേണ്ടതുണ്ട്. എന്നാൽ അപ്രകാരം അനുമതി ലഭ്യമാക്കാതെ തനത് ഫണ്ട് വിനിയോഗിച്ചത് നഗരസഭക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കി.

5. വിതരണത്തിനായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ മലിനീകരണം ഇല്ല, ഉപയോഗ യോഗ്യമാണ് എന്ന് KWAയോ, ഭക്ഷ്യസുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അപ്രകാരമുള്ള പരിശോധനകളൊന്നും നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 13/19-20/16-07-2022 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 12,55,870 രൂപ തടസ്സം ചെയ്യുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പിഎംഎവൈ ഭവന പദ്ധതി - സബ്സിഡി അധികം നൽകി

നിർവ്വഹണം : പ്രൊജക്ട് ഓഫീസർ

പിഎംഎവൈ ഭവന പദ്ധതി, പി എംഎവൈ -ലൈഫ് മിഷൻ എന്ന പേരിൽ നടപ്പിലാക്കുന്നതിനു 02/07/2018ലെ സ.ഉ (ആർ.ടി) 1804/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. 14.02.2018 ലെ സ.ഉ.(കൈ)22/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭവന പദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി സബ്സിഡി തുക നാലു ലക്ഷം രൂപയാണ്. എന്നാൽ താഴെ കൊടുത്ത ഗുണഭോക്താവിന് ആകെ അഞ്ചു ലക്ഷം രൂപ അനുവദിച്ചു നൽകിയതായി കാണുന്നു.

| പേര്,വിലാസം | നൽകിയ തുകയുടെ വിവരം | | റിമാർക്സ് |
|---|---|---|---|
| | ബിൽ നം/ തി. | തുക | |
| ID 205-ശ്രീമതി.ഷീല, C/o ദാമോദരൻ, പാറപ്പുറത്ത്, കാട്ടിപ്പരുത്തി | 121/23.7.18 | 25,000 | ബാങ്ക് അക്കൗണ്ട്: 01301000016801/ ധനലക്ഷ്മി ബാങ്ക് ------- അധികം നൽകിയത് 1,00,000 |
| | 127/8.10.18 | 1,00,000 | |
| | 1051/26.11.18 | 1,00,000 | |
| | 1055/29.1.19 | 1,00,000 | |
| | 139/29.6.19 | 1,75,000 | |
| | ആകെ | 5,00,000 | |
| ID 102 , ശ്രീ മുഹമ്മദ് ഷാഫിKP, C/oഅബൂബക്കർ , കടവത്ത് പറമ്പിൽ, കൊളമംഗലം. | 111/31.3.18 | 30,000 | IOBA0002298/ 229801000004506 ------- അധികം നൽകിയത്: 5,000 |
| | 110/11.7.18 | 1,00,000 | |
| | 124/ 17.9.18 | 1,00,000 | |
| | 137/ 25.5.19 | 1,75,000 | |
| | ആകെ | 4,05,000 | |
| ആകെ അധികം നൽകിയ തുക | | | 1,05,000 |

അധികമായി ഒരു ലക്ഷം നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതും പ്രസ്തുത അധികത്തുക തിരിച്ചുപിടിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതുമാണ് എന്നറിയിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി (നം. 24 /22.07.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 1,05,000 രൂപ ഉത്തരവാദിയായ നിർവ്വഹണദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 വർഷത്തെ ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ(മാറാക്കുന്ന്) | വൌച്ചർ നം. 344/2008 /14.08.2019 | 100000 | 100000 | പൂർത്തീകരിച്ചു. | -- |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (കോഴിക്കോട്ടുപ്പടി) | വൌച്ചർ നം 662/12 /31.12.2.19 | 100000 | 100000 | പൂർത്തീകരിച്ചു | |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (നിരപ്പ്) | വൌച്ചർ നം.804/02 /15.02.2020 | 50000 | 50000 | പൂർത്തീകരിച്ചു | |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (കോതോൾ) | വൌച്ചർ നം. 805/2002 /15.02.2020 | 150000 | 150000 | പൂർത്തീകരിച്ചു | |
| | ആകെ | | 400000 | 400000 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO ലോൺ | ...... | 31000000 | 10000000 | 4026668 | 0 | 36973332 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 62500 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 62500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 62500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Share Certificate In Malappuram Co.op Spinning Mills. No:94 , Dated : 27.07.1977 | 2500 |
| Share Certificate In Malappuram District Co. Op Hospital No: 023 , Dated : 30.09.1993 | 5000 |

| | |
|---|---|
| Share Certificate In Malabar Co. Op. Textiles No. 469 , Dated : 14.08.1997 | 50000 |
| Share Certificate In Malappuram District Panchayat Employees Co. Op. Society Ltd No: 351 , Dated : 31.03.2001 | 5000 |

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14, 2014-15 | 3-10 | 2015-16 | 8-19 | ജൈവവളനിർമ്മാണയൂനിറ്റ് പ്രവർത്തനക്ഷമമായില്ല | നടപടി തുടരുന്നു |
| 2014-15 | 2-1 | 2016-17 | | അനുബന്ധം – 3 വസ്തു നികുതി | നടപടി തുടരുന്നു |
| | 2-2 | | | അനുബന്ധം – 4 തൊഴിൽ നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| വർഷം | 2019-20 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 186401085 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 108205312 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 105000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4556088 |

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 105000 | ശ്രീ. ബെന്നി മാത്യു പ്രോജക്ട് ഓഫീസർ PAU |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 2500000 | ശ്രീ. സുനിൽകുമാർ എസ്- സെക്രട്ടറി (അഡീഷണൽ ചാർജ്ജ്) |

| | | |
|---|---|---|
| 1-17 | 419184 | ശ്രീ. സുനിൽകുമാർ എസ്- സെക്രട്ടറി (അഡീഷണൽ ചാർജ്ജ്) |
| 1-19 | 205000 | ശ്രീ. ബെന്നി മാത്യു പ്രോജക്ട് ഓഫീസർ |
| 1-20 | 14851 | ശ്രീ. മൃദുൽ വിനോദ് പി കൃഷി ഓഫീസർ |
| 1-26 | 161183 | ശ്രീമതി. പ്രിയ കെ എസ് മുനിസിപ്പൽ എഞ്ചിനീയർ |
| 1-37 | 1255870 | ശ്രീ. സുനിൽകുമാർ എസ്- സെക്രട്ടറി (അഡീഷണൽ ചാർജ്ജ്) |
| ആകെ | 4556088 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബെന്നി മാത്യു പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ഹെൽത്ത് സൂപ്പർവൈസർ, ഒറ്റപ്പാലം നഗരസഭ | കപ്പലുമാക്കൽ ഹൌസ്, കൂരാച്ചുണ്ട് പി ഒ, കോഴിക്കോട്- 673527 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 1995-96 | LFM11/78/98/28-2-03 | 9 |
| 1996-97 | LFM11/378/03/28-2-03 | 1 |
| 1997-98 | LFM11/414/01/28-2-03 | 1 |
| 1998-99 | LFM11/1764/01/28-2-03 | 22 |
| 1999-00 | LFM11/118/02/28-2-03 | 13 |
| 2000-01 | LFM11/1222/01/16-11-02 | 7 |
| 2001-02 | LFM11/935/03/6-8-04 | 15 |
| 2002-03 | LFM12/1286/04/25-4-05 | 5 |
| 2003-04 | LFM9/1422/07/15-2-06 | 12 |
| 2004 -05 | LFM9/297/8-2-07 | 8 |
| 2005-06 | LFM9/298/07/8-2-07 | 10 |
| 2006-07 | LFM9/444/09/7-5-10 | 10 |
| 2007-08 | LFM13/2088/10/ | 9 |

| | | |
|---|---|---|
| 2008-09 | LFM13/2089/10 | 13 |
| 2007-08 | LFM13/2446/11/26-12-11(FR) | 8 |
| 08-09 | LFM13/2447/11 26-12-11(FR) | 7 |
| 2009-10, 2010-11 | LFM13/785/13/25-5-13 /12-6-13 | 26 |
| 2011-12, 2012-13 | LFM13/ 856/ 15 21-5-15 | 15 |
| 2013-14, 2014-15 | LFM13/ 1514/2015 Dated 01-08-2015 | 22 |
| 2015-16 | KSAMPM25/241/2017 Dated 7-02-2017 | 16 |
| 2016-17 | KSAMPM25/2456/2017 30 -11 -2017 | 13 |
| 2017-18 | കെ.എസ്.എ എം.പി.എം 25/2869/2018 Dated 19.01.2019 | 22 |
| 2018-19 | KSAMPM25/2265/2019 17 -10-2019 | 13 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്